●വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2025 ● നവംബർ-ഡിസംബർ ● പുസ്തകം: 08 ● ലക്കം: 06 ● RNI Regn No: KERMAL/2017/73545

## ആത്മീയതയുടെ നറുനിലാവ്

മാനന്തവാടി, താമരശ്ശേരി രൂപതകളെയും തൃശ്ശൂർ അതിരൂപതയെയും ആത്മീയ, ഭൗതിക മേഖലകളിൽ വളർച്ചയിലേക്ക് നയിച്ച അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് നവംബർ ഒന്നിന് 45 പിന്നിടുന്നു.

വന്ദ്യപിതാവിന്റെ ദൈവാനുഗ്രഹം നിറഞ്ഞ ജീവിത യാത്രയെക്കുറിച്ച് ഫാ. തോമസ് നാഗപറമ്പിൽ അനുസ്മരിക്കുന്നു. പേജ് 8 – 9



# പ്രത്യാശ കുടുംബത്തിന്റെ ആത്മാവ്

**കുട്ടിക്കാലത്തെ ചിട്ടകളാണ് പിൽക്കാല ജീവിതം രൂപപ്പെടുത്തിയത്. പ്രകൃതിയുടെയും മനുഷ്യന്റെയും നിലനിൽപ്പ് ചിട്ടകളുടെ താളക്രമത്തിലാണ്. ആരോഗ്യകരമായി ജീവിക്കുവാനും താളം നിലനിർത്തുവാനും ചിട്ടകളുണ്ടാവണം**



കവർ സ്റ്റോറി

ഡോ. ബീനാ ഫിലിപ്പ്
(മേയർ, കോഴിക്കോട് കോർപ്പറേഷൻ)

അമ്മച്ചിയുടെ തറവാട്ടിലായിരുന്നു എന്റെ കുട്ടിക്കാലം. പുലർച്ചെ നാലുമണിക്ക് എഴുന്നേൽപ്പിക്കും. വല്യമ്മയുടെ അഭിപ്രായത്തിൽ ഊർശ്ലേമിലെ (യരുശലേം) കാറ്റുവീശുന്ന സമയമാണ് നാലുമണി. വിളക്കുകൊളുത്തി ഞങ്ങളെല്ലാവരും അടുത്തുള്ള കുളത്തിൽ പോയി കയ്യും കാലും മുഖവും കഴുകി വന്ന് പ്രാർത്ഥന തുടങ്ങും. യാക്കോബായ പ്രാർത്ഥനയല്ലേ, അരമണിക്കൂറെങ്കിലും നീളും.

അമ്മച്ചിയുടെ തറവാട്ടിലെ എട്ടു മക്കളിൽ ആദ്യ പേരക്കുട്ടിയായിരുന്നതിനാൽ അമ്മാവന്മാരുടേയും അമ്മയുടെ സഹോദരിമാരുടേയും ലാളന വേണ്ടുവോളം കിട്ടി. വീടുകൾ അടുത്തായതിനാൽ വലിയൊരു കുടുംബത്തിന്റെ തണലിലാണ് വളർന്നത്. സ്നേഹമുള്ള കുടുംബം ഒന്നിച്ചു നിൽക്കുന്നതിന്റെ സന്തോഷവും സംതൃപ്തിയും അനുഭവിച്ചു.

വല്യമ്മ പലപ്പോഴും വേദപുസ്തകം ഉദ്ധരിച്ചുകൊണ്ടാണ് സംസാരിക്കുക. 'എപ്പോഴും താഴേക്ക് നോക്കുക, ചെറിയവരെ പരിഗണിക്കുക' – വല്യമ്മ ഇടയ്ക്കിടെ പറയും. അക്രമത്തിന്റെയും സംഘട്ടനങ്ങളുടെയും വാർത്തകൾ വരുമ്പോൾ 'പ്രതികാരം യഹോവയ്ക്കുള്ളതാണെ'ന്നാണ് വല്യമ്മ ഓർമിപ്പിക്കുക. വിഷമങ്ങളുണ്ടാകുമ്പോൾ നമ്മൾ ക്രിസ്ത്യാനികളാണ്, നമ്മൾ പ്രത്യാശയുള്ളവരായിരിക്കണം എന്ന വല്യമ്മയുടെ വാക്കുകൾ ഇന്നും കാതിൽ മുഴങ്ങുന്നു.

വൈകിട്ട് അപ്പൻ വന്നതിനു ശേഷമാണ് സന്ധ്യാപ്രാർത്ഥന. തുടർന്ന് ഒന്നിച്ചിരുന്ന് അത്താഴം. കുട്ടിക്കാലത്തെ ചിട്ടകളാണ് പിൽക്കാല ജീവിതം രൂപപ്പെടുത്തിയത്. പ്രകൃതിയുടെയും മനുഷ്യന്റെയും നിലനിൽപ്പ് ചിട്ടകളുടെ താളക്രമത്തിലാണ്. ആരോഗ്യകരമായി ജീവിക്കുവാനും താളം നിലനിർത്തുവാനും ചിട്ടകളുണ്ടാവണം.

ഒരു വലിയ വീട്ടിലെ എല്ലാ അംഗങ്ങളും ഒരുപോലെയാവണമെന്നില്ല. ഒന്നോ രണ്ടോ പേരുടെ ത്യാഗവും വിട്ടുവീഴ്ചാ മനോഭാവവുമാണ് വീടിനെ മുന്നോട്ടു നയിക്കുക.

മറ്റൊരു വീട്ടിൽ രാത്രി കിടക്കേണ്ടി വരുമ്പോൾ ആ മുറിക്ക് സാക്ഷയുണ്ടോ

*ഡോ. ബീനാ ഫിലിപ്പുമായുള്ള അഭിമുഖത്തെ അടിസ്ഥാനമാക്കി കെ. എഫ്. ജോർജ് തയ്യാറാക്കിയത്. അഭിമുഖം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ*

എന്നു നോക്കണമെന്ന് അമ്മയും വല്യമ്മയുമെല്ലാം ഓർമ്മിപ്പിക്കുമായിരുന്നു. പെൺകുട്ടികളുടെ സുരക്ഷിതത്വത്തെക്കുറിച്ച് മുതിർന്നവർക്ക് അത്രയേറെ കരുതലുണ്ടായിരുന്നു. ഇന്നത്തെ അമ്മമാർ തങ്ങളുടെ മക്കളോട് ഇങ്ങനെ പറയുമോ? ശീലങ്ങളും ഉപദേശങ്ങളും മാതൃകകളുമാണ് അന്ന് കുഞ്ഞുങ്ങളെ പരുവപ്പെടുത്തിയെടുത്തത്.

പേജ് മൂന്നിൽ തുടരുന്നു ▶



എഡിറ്റോറിയൽ

● പുസ്തകം: 8 ● ലക്കം: 6

# വളർത്താം പുതുസംരംഭങ്ങൾ

കുടിയേറ്റ ചരിത്രങ്ങൾക്ക് മനുഷ്യകുലത്തോളം തന്നെ പഴക്കമുണ്ട്. കുടിയേറ്റത്തിന്റെ കാരണങ്ങൾ വ്യത്യസ്തങ്ങളാണ്. കുടിയേറ്റങ്ങൾ എല്ലാം തന്നെ മനുഷ്യന്റെ നിലനിൽപ്പിനു വേണ്ടിയുള്ളതാണ്. തന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വമില്ലെന്ന ചിന്തയിൽ നിന്നാണ് മനുഷ്യൻ സുരക്ഷിതത്വം തേടി അന്യനാടുകളിലേക്ക് കുടിയേറുന്നത്. പഠനം, ജോലി, സാമ്പത്തിക സുരക്ഷിതത്വം ഇവ ലക്ഷ്യം വച്ച് സമീപകാലങ്ങളിൽ വിദേശ കുടിയേറ്റം ശക്തമായിരിക്കുകയാണ്. ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അന്യരാജ്യങ്ങളിൽ കുടിയേറിയവരിൽ ഭൂരിഭാഗവും സുരക്ഷിതമല്ലാത്ത ജീവിത സാഹചര്യങ്ങളിലാണ് കഴിഞ്ഞുകൂടുന്നത് എന്ന വാർത്തകൾ സമീപ നാളുകളിൽ കേൾക്കാൻ ഇടയായത് നമ്മെ വേദനിപ്പിക്കുന്നുണ്ട്.

വിദേശ കുടിയേറ്റം മൂലം ഉണ്ടാകുന്ന പല പ്രതിസന്ധികളും കണക്കിലെടുത്ത് മിക്ക രാജ്യങ്ങളും തൊഴിൽ നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തി തുടങ്ങിയതും തദ്ദേശീയരായ ആളുകൾ വലിയ സമരങ്ങൾ ചെയ്തതും ഈ നാളുകളിൽ നാം കണ്ടു. സ്വന്തം നാട്ടിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും സുരക്ഷിതത്വവും മറ്റൊരിടത്തും ലഭിക്കുന്നില്ല എന്നത് സത്യമാണ്. വിദേശ കുടിയേറ്റത്തിന്റെ പരിണിതഫലമായി കുടുംബബന്ധങ്ങൾ പലതും ശിഥിലമായി തുടങ്ങി. മാതാപിതാക്കൾ ഭവനങ്ങളിൽ ഒറ്റപ്പെടുന്നു. തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ പുതുതലമുറ പ്രയാസപ്പെടുന്നു. നമ്മുടെ നാട്ടിലെ നിർമ്മാണ മേഖല, വ്യാപാര മേഖലകൾ തുടങ്ങി എല്ലായിടത്തും അതിഥി തൊഴിലാളികൾ ആധിപത്യം പുലർത്തി വരുകയാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധനവ് നാടിന്റെ സാംസ്കാരിക തനിമയെ പോലും ഇല്ലാതാക്കുന്ന സ്ഥിതി വിശേഷം രൂപപ്പെട്ടു വരുന്നു. ഈ നാടിന്റെ സമ്പത്ത് ഇവിടെ വിനിയോഗിക്കപ്പെടുമ്പോഴാണല്ലോ വികസനം സാധ്യമാകുന്നത്. ഇവിടത്തെ തൊഴിലവസരങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് ഓരോ വർഷവും കോടിക്കണക്കിന് പണം അന്യസംസ്ഥാനങ്ങളിൽ എത്തിപ്പെടുകയാണ്.

ഈ നാടിന്റെ സമ്പത്തും മാനവ വിഭവശേഷിയും ഇവിടെ വിനിയോഗിക്കപ്പെടുമ്പോൾ വ്യവസായ സംരംഭങ്ങൾ വളരും. വരും തലമുറയ്ക്ക് ഇവിടെ സുരക്ഷിതമായി ജോലി ചെയ്യാനാകും. ഒപ്പം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും. നമ്മുടെ നാട്ടിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയണമെങ്കിൽ ഭരണ നേതൃത്വത്തിലുള്ളവർക്ക് വ്യക്തമായ കാഴ്ചപ്പാടുകളും തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാനും നടപ്പിലാക്കാനുമുള്ള ഇച്ഛാശക്തിയും ഉണ്ടാകണം. നാടിന്റെ മാനവ വിഭവശേഷി ശരിയായി വിനിയോഗിച്ച് ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണം അർത്ഥപൂർണ്ണമാക്കാൻ നമുക്ക് കഴിയട്ടെ.

# ആത്മീയതയുടെ പുതുയുഗം

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

വിവരസാങ്കേതികവിദ്യയിൽ ആധുനിക മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്. നിർമ്മിത ബുദ്ധിയുടെ (AI) ആഗമനം ദൈവജ്ഞാനിക മണ്ഡലത്തിലും തദ്വാരാ മനുഷ്യ ജീവിതത്തിന്റെ സകല മേഖലകളിലും വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചു. ശാസ്ത്ര ലോകത്തിന്റെ ശരവേഗത്തിലുള്ള ഈ വളർച്ചയ്ക്കൊപ്പം വ്യക്തികളും പ്രസ്ഥാനങ്ങളും വളർന്നില്ലെങ്കിൽ സമൂഹത്തിന്റെ ധാർമിക നില തകർന്നടിയും. മുമ്പെങ്ങുമില്ലാത്തതുപോലുള്ള ഒരു സ്വാതന്ത്ര്യബോധം മനുഷ്യന് കൈവന്നു. സഹജീവികളോടുള്ള സ്നേഹവും കരുതലുമെല്ലാം പുതുതലമുറയ്ക്ക് കൈമോശം വന്നുതുടങ്ങി.

ആത്മീയ ജീവിതത്തിന് ഭംഗം വരുമ്പോഴാണ് സഹജീവികളോടുള്ള സ്നേഹം കുറഞ്ഞ് മനുഷ്യൻ സ്വാർത്ഥനായി മാറുന്നത്. 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണ രേഖയിൽ വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ 'ലോകം ഏറ്റം ഗുരുതരമാംവിധം വിരുദ്ധ ചേരികളായി വെട്ടിമുറിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. തമ്മിലടിക്കുന്ന ശക്തികൾ മുഖാന്തിരം രാഷ്ട്രീയവും സമൂഹികവും സാമ്പത്തികവും വംശീയവും പ്രത്യയശാസ്ത്രപരവുമായ തർക്കങ്ങൾ അതിരൂക്ഷമായിക്കൊണ്ടിരുക്കുകയാണ്. ഇത് ആത്മീയ തലങ്ങളിലേക്കും പടർന്നുതുടങ്ങിയത് നമ്മെ ഭയപ്പെടുത്തേണ്ടതാണ്.

ശാസ്ത്രപുരോഗതിയോടൊപ്പം തന്നെ ആത്മീയ മുന്നേറ്റത്തിനും മനുഷ്യനെ പ്രാപ്തനാക്കണം. സമകാലീന രാഷ്ട്രീയ പശ്ചാത്തലങ്ങളുടെ മറവിൽ വളർന്നുവരുന്ന വിഭാഗീയ ചിന്താഗതികൾക്ക് അറുതിവരുന്നില്ലെങ്കിൽ അത് സമൂഹത്തിന്റെ സുസ്ഥിതിക്കും നിലനിൽപ്പിനും ഭീക്ഷണിയാകും. സ്നേഹത്തിന്റെയും സമഭാവനയുടെയും പങ്കുവയ്ക്കലിന്റെയും സുവിശേഷമൂല്യങ്ങൾ സമൂഹത്തിന് പകർന്ന് നൽകാൻ നമുക്ക് കഴിയണം. പുതുതലമുറയെ സഭയോടു ചേർത്തുനിർത്തി വിശ്വാസത്തിൽ ആഴപ്പെടുത്താൻ മുതിർന്ന തലമുറയ്ക്ക് കടമയുണ്ട്. ഈ വലിയ ബോധ്യമാണ് സാമൂഹിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാൻ സഭയെ പ്രേരിപ്പിക്കുന്നത്. നമ്മുടെ ഇടയിൽ അവശത അനുഭവിക്കുന്നവരെ സഹായിക്കാൻ നാം ഒരു മനസോടെ പ്രവർത്തിക്കുന്നുണ്ട്. പാവങ്ങളെ സഹായിക്കാൻ യേശുനിധി, പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് ധനസഹായം, ഭവന നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുര ശുശ്രൂഷ തുടങ്ങിയവയെല്ലാം സഹജീവിയോടുള്ള നമ്മുടെ സ്നേഹത്തിന്റെയും കരുതലിന്റെയും സുവിശേഷവേലയാണ്.

ശരിയായ ആത്മീയ ജീവിതം നമുക്കുണ്ടെങ്കിൽ നമ്മുടെ കുടുംബ ബന്ധങ്ങൾ കരുത്തുറ്റതാകും. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന സുവിശേഷമൂല്യത്തിൽ ജീവിക്കുമ്പോൾ നമ്മുടെ സമൂഹബന്ധങ്ങൾ ദൃഢമാകും. ദൈവസാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിലെ ഈശ്വരാംശത്തെ കണ്ടെത്തി അവനെ സ്നേഹിക്കാനും അവന് നന്മ ചെയ്യാനും നാം പ്രാപ്തരാകുമ്പോഴാണ് നമ്മുടെ ആത്മീയത പൂർണമാകുന്നത്. സ്വന്തം ശരീരത്തെ എന്നപോലെ സമൂഹത്തിലെ ഓരോ വ്യക്തിയേയും സ്നേഹിക്കാനും വിലമതിക്കാനും നമുക്ക് കഴിയുമ്പോൾ ആത്മീയതയുടെ പുതുയുഗം പിറവിയെടുക്കും. ക്രിസ്തുവിന്റെ സുവിശേഷം അർത്ഥപൂർണ്ണമാകും. അതിനായി ആത്മീയതയുടെ യഥാർത്ഥ ഉറവിടങ്ങളിലേക്ക് നമുക്ക് തിരിയാം. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയുടെ ആത്മീയ നിക്ഷേപങ്ങളിൽ നിന്നും കൃപാദാനങ്ങൾ സ്വീകരിച്ച് ആത്മീയരായി വളരാനും, പുതുതലമുറയെ ആത്മീയമായി കരുത്തുറ്റവരാക്കാനും നമുക്ക് കഴിയട്ടെ.

# തകരുന്ന കുടുംബാരോഗ്യം

## അകം പുറം



**കെ.എഫ്. ജോർജ്**

ഒക്ടോബർ 10 ലോക മാനസികാരോഗ്യ ദിനമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ബോധവൽക്കരണ ചടങ്ങിൽ ക്ലാസെടുക്കാനെത്തിയ ഡോക്ടർ ചികിത്സാ അനുഭവങ്ങൾ വിവരിക്കുകയായിരുന്നു. പലരും ശരീരത്തിൽ പലയിടത്തും കടച്ചിലും പുകച്ചിലും മുറുക്കവുമുണ്ടെന്നു പറഞ്ഞാണ് വരുക. വിശദ പരിശോധനയും ടെസ്റ്റുകളും നടത്തിയിട്ടും ഇതിനുള്ള സാധ്യതകളൊന്നും കണ്ടെത്താനായില്ല. തുടർന്ന് വിശദമായി സംസാരിച്ചപ്പോഴാണ് അവർ അനുഭവിക്കുന്ന മാനസിക സമ്മർദ്ദങ്ങളുടെയും ഒറ്റപ്പെടലിന്റെയും ആഴം വെളിപ്പെട്ടത്.

ശരീരത്തിന് ചെറിയ അസുഖം വന്നാൽ പെട്ടെന്നു ചികിത്സ തേടും. എന്നാൽ മാനസികാരോഗ്യം തകർക്കുന്ന പ്രശ്നങ്ങൾ പുറത്തറിഞ്ഞാൽ മോശമാണെന്ന മിഥ്യാധാരണയിൽ ആരോടും പറയാതെ ഉള്ളിലമർത്തി, വഷളാക്കി വിഷാദ രോഗത്തിലേക്ക് നീങ്ങുന്ന ദുരവസ്ഥയെക്കുറിച്ചാണ് ഡോക്ടർ ക്ലാസിൽ സൂചിപ്പിച്ചത്. കോഴിക്കോട് മെഡിക്കൽ കോളജ് ക്യാംപസിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ ഇംഹാൻസ് ഇത്തരം പ്രശ്നങ്ങൾക്ക് വിദഗ്ധ ഉപദേശവും ചികിത്സയും നൽകുന്ന സ്ഥാപനമാണ്.

മാനസികാരോഗ്യമെന്നത് ഒരാളുടെ വൈകാരികവും ശാരീരികവുമായ ക്ഷേമത്തെക്കുറിക്കുന്നു. അത് അവരുടെ ചിന്തകളെയും പെരുമാറ്റത്തെയും സൂചിപ്പിക്കുന്നു. നല്ല മാനസികാരോഗ്യമുള്ളവർക്ക് ജീവിത സമ്മർദ്ദങ്ങളെ ഫലപ്രദമായി നേരിടാനും കഴിവുകൾ തിരിച്ചറിഞ്ഞ് സന്തോഷപ്രദമായ ജീവിതം നയിക്കാനും സാധിക്കും. മാനസികാരോഗ്യമില്ലെങ്കിൽ ശാരീരികാരോഗ്യവും അവതാളത്തിലാകും.

വ്യക്തികളുടെ കൂട്ടായ്മയായ കുടുംബത്തിൽ അതിദ്രുതം സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളാണ് അതിലെ അംഗങ്ങളുടെ മാനസികാരോഗ്യത്തെ സ്വാധീനിക്കുന്നത്. സ്വാതന്ത്ര്യക്കുറവടക്കം ഏറെ ദോഷങ്ങളുണ്ടെങ്കിലും കുടുംബങ്ങൾ പണ്ട് ഷോക്ക് അബ്സോർബറിന്റെ ഗുണം ചെയ്തു. പല പ്രായത്തിലുള്ളവരുടെ കൂട്ടായ്മയിലും ഇടപെടലിലും കുടുംബമെന്ന പ്രഷർ കുക്കറിൽ തിങ്ങിക്കൂടുന്ന സമ്മർദ്ദം ചീറ്റി പുറത്തുപോകുമായിരുന്നു. ഇന്ന് കുക്കർ പൊട്ടിത്തെറിക്കുന്ന അവസ്ഥയിലെത്തിയാലും ഒന്നും ചെയ്യാനാവാത്ത സ്ഥിതിയാണ്.

കുടുംബമെന്ന ചട്ടക്കൂടാണ് പ്രാകൃത മനുഷ്യനെ സമാധാനത്തിലേക്കും വളർച്ചയിലേക്കും നയിച്ചത്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലെന്ന് കണ്ട് പ്രപഞ്ചസ്രഷ്ടാവ് അവന് ഇണയെ നൽകിയതിൽ നിന്ന് ആ പ്രയാണത്തിന് മുളപൊട്ടുന്നു. അങ്ങനെ പടർന്നു പന്തലിച്ച മാനവരാശിയിലെ ഇളം നാമ്പുകൾക്ക് ഇപ്പോൾ ഇണയെ വേണ്ട. ഇണയെ സ്വീകരിച്ചാൽ ചിലർക്ക് സ്വാഭാവിക തുടർച്ചയായ സന്തതികൾ അലർജി. പ്രകൃതി വിരുദ്ധവും വിനാശകരവുമായ ഈ ചിന്താധാരയ്ക്ക് സ്വീകാര്യത കൂടിക്കൊണ്ടിരിക്കുന്നു.



സാങ്കേതിക വളർച്ചയിലെ കുതിച്ചുചാട്ടം ഇരുതല വാൾ പോലെ വളർച്ചയ്ക്കൊപ്പം തളർച്ചയ്ക്കും വഴിയൊരുക്കുന്നു. എനിക്ക് ഇഷ്ടമുള്ള ജീവിതം എനിക്ക് തോന്നിയ മട്ടിൽ ഞാൻ ഉണ്ടാക്കും എന്ന പിടിവാശിയിൽ ഓരോരുത്തരും സ്വന്തം വ്യക്തിത്വത്തിന് അമിത പ്രാധാന്യം കൽപ്പിച്ച് നീങ്ങുമ്പോൾ കുടുംബമെന്ന കൂട്ടുത്തരവാദിത്വ സംവിധാനത്തിന് എന്തു പ്രസക്തി?

അംഗങ്ങൾ നാമമാത്രമാകുന്നതും അന്യനാടുകളിലേക്കുള്ള കുടിയേറ്റവും കാരണം വീടുകളിൽ ആളനക്കം കുറയുന്നു. അവശേഷിക്കുന്നവരിൽ കൂടുതലും പ്രായം കൂടിയവർ. പരസഹായവും ചികിത്സയും വേണ്ടവർ. കാർഷികരംഗത്തെ തളർച്ചയും പെരുകുന്ന ജീവിത ചെലവും ചികിത്സാ ബാധ്യതകളുമെല്ലാം കൂടിക്കുഴഞ്ഞ് കുടുംബങ്ങളുടെ മാനസികാരോഗ്യം തകർക്കുന്നു. വിഷാദത്തിന് കീഴടങ്ങിയവരുടെ ആത്മഹത്യകൾ പെരുകുന്നു.

സാമൂഹിക ജീവിതം ഇത്രമാത്രം കലുഷിതമായിട്ടും പരിഹാര സംവിധാനങ്ങളൊരുക്കേണ്ട ഭരണകൂടങ്ങളും സമുദായ നേതൃത്വങ്ങളും ഫലപ്രദമായ നീക്കങ്ങൾ നടത്തുന്നതിൽ പരാജയപ്പെടുന്നു.

എല്ലാം മാറുമ്പോൾ കുടുംബഘടനയിലും ഇളക്കിപ്രതിഷ്ഠകൾ സ്വാഭാവികമാണെന്ന യാഥാർത്ഥ്യബോധത്തിലേക്ക് ഉണർന്ന് പ്രവർത്തിക്കുമ്പോൾ മാത്രമേ ഓരോ കുടുംബത്തിനും അവരുടെതായ നിലയിൽ ഈ പ്രശ്നങ്ങൾക്ക് ചെറിയ തോതിലെങ്കിലും പരിഹാരം കണ്ടെത്താനാവൂ.

അംഗങ്ങളുടെ തുറന്ന സമീപനവും ഒന്നിച്ചുല്ലസിക്കാനുള്ള ഗുണപരമായ സമയം കണ്ടെത്തലും പരസ്പരം താങ്ങും തണലുമാകാനുള്ള മനോഭാവവുമാണ് കുടുംബമെന്ന മഹാവൃക്ഷത്തെ പോഷിപ്പിച്ച് നിലനിർത്തുന്നത്. അങ്ങനെയുള്ള കൂട്ടായ്മയിൽ വളരുന്നവർ 'ഇത് എന്റെ ലോകം, എനിക്കു കൂടി അവകാശപ്പെട്ടത്' എന്ന ബോധ്യത്തിൽ ശിരസുയർത്തി നടക്കുകയും പ്രശ്നങ്ങളെ നേരിടുകയും ചെയ്യും.

# ധൂർത്തിൽ മത്സരിക്കുന്നവർ

**ഏറെ അംഗങ്ങളുള്ള കുടുംബം അണുകുടുംബമായി ചുരുങ്ങിയപ്പോൾ ഓരോരുത്തരും അവരവർക്ക് വേണ്ടപ്പെട്ടവർ മാത്രം എന്ന നിലയിലേക്ക് ബന്ധങ്ങൾ ഒതുക്കി. ഹൃദയം നിറഞ്ഞ സ്നേഹപ്രകടനങ്ങൾക്ക് അവസരമില്ല. മനുഷ്യബന്ധങ്ങൾക്കു പകരം മൊബൈൽ ഫോൺ വഴിയുള്ള സൗഹൃദങ്ങളിലേക്ക് സമൂഹം ചുരുങ്ങി**

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച

എന്നാൽ ഇന്ന് വീടും ഇടപെടുന്ന ഇടങ്ങളുമെല്ലാം മാറി. അധ്യാപികയായി തുടങ്ങിയ കാലത്ത് കുട്ടികളോട് കഥകൾ പറയുമായിരുന്നു. കഥയുടെ അവസാനം ചിലപ്പോൾ കുട്ടികൾ കരയും. ഞാനും കരയും. സാരോപദേശമുള്ള പുരാണ കഥകൾ കേൾക്കാൻ കുട്ടികൾക്ക് ഇഷ്ടമായിരുന്നു. അവരെ കവിതകൾ ചൊല്ലി പഠിപ്പിച്ചു. പഴമൊഴികൾ അവരുടെ ഉള്ളിലേക്ക് ജീവിത പാഠങ്ങൾ ആഴത്തിൽ ഉറപ്പിച്ചു. ഇന്ന് ഇതെല്ലാം പഠിപ്പിക്കാനോ ശ്രദ്ധിക്കാനോ ആർക്കും താൽപ്പര്യമോ സമയമോ ഇല്ല. വീടുകളിൽ കുട്ടികൾ മുതിർന്നവരോടൊപ്പം പഴയതുപോലെ ആന കളിക്കുന്നതും പ്രകൃതിയെക്കണ്ട് സമയം ചെലവിടുന്നതും അപൂർവമായി.

ഏറെ അംഗങ്ങളുള്ള കുടുംബം അണുകുടുംബമായി ചുരുങ്ങിയപ്പോൾ ഓരോരുത്തരും അവരവർക്ക് വേണ്ടപ്പെട്ടവർ മാത്രം എന്ന നിലയിലേക്ക് ബന്ധങ്ങൾ ഒതുക്കി. ഹൃദയം നിറഞ്ഞ സ്നേഹപ്രകടനങ്ങൾക്ക് അവസരമില്ല. മനുഷ്യബന്ധങ്ങൾക്കു പകരം മൊബൈൽ ഫോൺ വഴിയുള്ള സൗഹൃദങ്ങളിലേക്ക് സമൂഹം ചുരുങ്ങി.

ഈ മാറ്റം സമൂഹത്തെയും കുടുംബത്തെയും അടിമുടി മാറ്റിയിട്ടുണ്ട്. കഷ്ടപ്പെട്ടു ജീവിച്ച കുടുംബം അൽപ്പം ധനമുണ്ടാകുമ്പോൾ കുറച്ചൊക്കെ കൈവിട്ടു ചെലവഴിക്കുന്നത് സാധാരണമാണ്. എന്നാൽ ഇപ്പോൾ അതൊന്നുമല്ല. അടുത്ത വീട്ടിലേക്കു നോക്കിയാണ് ധൂർത്തിൽ മത്സരിക്കുന്നത്.

വീട്ടിൽ മാത്രമല്ല സമൂഹത്തിന് മാതൃകയാകേണ്ട രാഷ്ട്രീയ–മത നേതൃത്വങ്ങളും ധൂർത്തിൽ അഭിരമിക്കുകയാണ്. രാഷ്ട്രീയ സമ്മേളനങ്ങൾക്ക് ഇരുപതും മുപ്പതും ലക്ഷം മുടക്കിയാണ് പന്തൽ കെട്ടുന്നത്. പള്ളിപ്പെരുന്നാളുകൾക്ക് ഇത്രയേറെ ആർഭാടം വേണോ എന്നു ചിന്തിക്കണം. സ്കൂളുകളിലും എന്തു ചെയ്യുമ്പോഴും പണമൊഴുക്കുന്നു. വിദ്യാലയങ്ങളിൽ ഇതിനു പകരം ഗുണപരമായ ആഹ്ലാദാന്തരീക്ഷമുണ്ടാക്കുന്നതിലാകണം ശ്രദ്ധ.

സമൂഹത്തിന് മാതൃകയാകേണ്ടവർ ഇത്തരത്തിൽ ധൂർത്തു കാണിക്കുന്നതു നിർത്തണം. എങ്കിൽ മാത്രമേ മിതവ്യയ ശീലം കുടുംബങ്ങളിലേക്കു കടന്നു ചെല്ലുകയുള്ളൂ.

വിവാഹവേളകളിലും എന്തൊരു ധൂർത്താണിപ്പോൾ! മറ്റുള്ളവരെ കാണിക്കാനുള്ള ശ്രമത്തിൽ താങ്ങാൻ പറ്റാത്ത സാമ്പത്തിക ഭാരമാണ് കുടുംബങ്ങൾ തലയിലേറ്റി വയ്ക്കുന്നത്. എനിക്ക് പരിചയമുള്ള ഒരു ഇടത്തരം വീട്ടിൽ വിവാഹത്തിന് സ്വർണമെടുത്തപ്പോൾ സ്വർണപാദസരം വേണമെന്നു മകൾ ശാഠ്യം പിടിച്ചു. അപ്പൻ കടംവാങ്ങിയ പണംകൊണ്ട് രണ്ടു പവൻ വീതമുള്ള രണ്ട് പാദസരങ്ങൾ കൂടി വാങ്ങിച്ചുകൊടുത്തു. കല്യാണം നടത്തി. കടം തിരിച്ചടയ്ക്കാനാകാതെ ആ അപ്പൻ ആറുമാസം കഴിഞ്ഞ് ആത്മഹത്യ ചെയ്തുവെന്ന വാർത്തയാണ് പിന്നീട് കേട്ടത്.



അടുത്ത വീട്ടുകാരോടും ബന്ധുക്കളോടും മത്സരിച്ച് ധൂർത്ത് കാണിക്കുന്നതാണ് പല കുടുംബങ്ങളിലും കടക്കെണിക്കും ആത്മഹത്യക്കും കാരണമാകുന്നത്.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടണമെന്നാണ് കാരണവന്മാർ പറഞ്ഞു തരുന്നതും മാതൃകയിലൂടെ കാണിക്കുന്നതും. ഇന്ന് സമൂഹത്തിനു നേതൃത്വം നൽകുന്നവർ തന്നെ ദുർമാതൃകയിലൂടെ സമൂഹത്തെ നശിപ്പിക്കുന്നു.

പൊങ്ങച്ചം കാണിക്കുന്നത് നിർത്താതെ കുടുംബങ്ങൾ രക്ഷപ്പെടില്ല. ബാങ്കിൽ നിന്ന് ഇതിനായി വൻ തുകകൾ കടമെടുത്ത് കുടുങ്ങുന്നു. പിന്നെ ആത്മഹത്യയായി. ഇതിന്റെ പിന്നാമ്പുറം ചികഞ്ഞു പോയാൽ ധൂർത്തിന്റെ കഥകൾ പുറത്തുവരും.

ചെറിയ വിഷമങ്ങൾ ഉണ്ടാകുമ്പോൾ ഇതും മാറിപ്പോകും എന്ന പാഠമാണ് പണ്ട് ലഭിച്ചിരുന്നത്. അങ്ങനെ കുട്ടികളോടു പറയാനും അവരെ ബോധ്യപ്പെടുത്താനും ശ്രമിക്കണം. നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കും. ഏപ്പോഴും പ്രത്യാശയുള്ളവരായി ജീവിക്കണം. ഈ പാഠങ്ങൾ പറഞ്ഞു കൊടുക്കാൻ രക്ഷിതാക്കളും അധ്യാപകരും എപ്പോഴും ശ്രദ്ധിക്കണം. അഞ്ചും ആറും വർഷംകൊണ്ടു തീരുന്നതല്ല ജീവിതം എന്ന് അവർ മനസിലാക്കണം.

കുഞ്ഞുങ്ങൾ ഇപ്പോൾ യഥാർത്ഥ ജീവിതം കാണുന്നില്ല. പലരും കുട്ടികളെ വീട്ടിലെ വിഷമം അറിയിക്കില്ല. ചോദിക്കുന്നതും ചോദിക്കാത്തതുമെല്ലാം അവർക്ക് വാങ്ങിക്കൊടുക്കും. ഇല്ലാത്തപ്പോൾ ഇല്ലാ എന്നു പറയുന്നത് പലരും അഭിമാനക്ഷതമായി പോലും കരുതുന്നു.

പള്ളിയിൽ അച്ചന്റെ പ്രസംഗം കേട്ട് എന്റെ ഒരു സുഹൃത്ത് കുട്ടികളെ മിതവ്യയം ശീലിപ്പിക്കാൻ പ്രയോഗിച്ച കൗശലം ഓർമ്മ വരുന്നു. അത്യാവശ്യം സാമ്പത്തിക സൗകര്യമുള്ള വീടാണ്. സ്കൂളിൽ ഫീസ് കൊടുക്കാൻ സമയമായപ്പോൾ അടുത്ത വീട്ടിൽ നിന്ന് കടംവാങ്ങിയാണ് ഫീസ് കൊടുത്തത്. ഇത് കുട്ടികളും അറിഞ്ഞിരുന്നു. അടുത്തയാഴ്ച ബിരിയാണി വാങ്ങാമെന്ന് അമ്മ പറഞ്ഞപ്പോൾ 'ഫീസ് കൊടുക്കാൻ കാശില്ലാത്തപ്പോഴാണോ ബിരിയാണി വാങ്ങുന്നത്?' എന്നു കുട്ടികൾ തിരിച്ചു ചോദിച്ചു.

പേജ് നാലിൽ തുടരുന്നു ▸

"കർത്താവ് വിശുദ്ധ സ്ഥലത്തിനുവേണ്ടി ജനത്തെ തിരഞ്ഞെടുക്കുകയല്ല, ജനത്തിനുവേണ്ടി സ്ഥലം തിരഞ്ഞെടുക്കുകയാണു ചെയ്തത് അതിനാൽ, ജനത്തിന്റെ കഷ്ടതകളിലും ഐശ്വര്യത്തിലും ആ സ്ഥലവും പങ്കുചേർന്നു." (2 മക്കബായർ 5: 19 – 20)

**മരിയൻ വോയേജ് ഇരിങ്ങാലക്കുടയുടെ നേതൃത്വത്തിൽ ഫാ. ഷാജു ചിറയത്ത് (ഹൃദയ പാലിയേറ്റീവ് കെയർ, ഇരിങ്ങാലക്കുട) നയിക്കുന്ന**

**റോം–യൂറോപ്പ് തീർത്ഥയാത്ര**

**2026 ഏപ്രിൽ 13 മുതൽ 29 വരെ**
**15 രാത്രിയും 16 പകലും**

**കൂടുതൽ വിവരങ്ങൾക്ക്:**
**MARIYAN VOYAGE, IRINJALAKUDA**




പ്രധാന സ്ഥലങ്ങൾ

ROME, VATICAN, LORETO, ASSISSI, MEDJUGORJE, VENICE, PADUA, SWITZERLAND, MOUNT TITILIS, PARIS, ROSA MYSTICA, LISIEUX, LOURDES, AVILA, FATHIMA, LISBON

Fly BEYOND BORDERS
explore the world
info@fbbtravels.co.in
https://fbbtravels.com

contact:
John Joseph Ainikkal : 9497624825
Jose Antony Maliekkal : 9961471736

# കുട്ടികൾക്കായും വേണം സമയം

**വീട്ടിൽ കാണുന്നത് ഒന്ന്, സ്കൂളിൽ കാണുന്നത് മറ്റൊന്ന് എന്ന രീതിയിലാണ് കുട്ടികൾക്ക് പലപ്പോഴും അനുഭവപ്പെടുന്നത്. ഈ വൈരുധ്യം അവരെ സംശയാലുക്കളും എതിർക്കുന്നവരുമാക്കിയേക്കാം. ഇതെല്ലാം മനസ്സിലാക്കി വേണം അവരോട് ഇടപഴകാൻ**

പേജ് നാലിൽ നിന്ന് തുടർച്ച





പുതിയ തലമുറയിൽ വലിയ മാറ്റമാണ്. സ്കൂളിൽ അധ്യാപകർ പറഞ്ഞുകൊടുക്കുന്നതിനപ്പുറം കുട്ടികൾ കാര്യങ്ങൾ മനസിലാക്കുന്നു. പണ്ട് ചെയ്യാവുന്നതും ചെയ്യാൻ പാടില്ലാത്തതും കുട്ടികളോടു പറഞ്ഞാൽ അവർ അത് അനുസരിക്കും. ഇന്ന് അവർക്ക് കാര്യങ്ങൾ ഗ്രഹിക്കാൻ നിരവധി വഴികളുണ്ട്. അവർ കൂടുതൽ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. കൗമാര കാലത്ത് അവർ അധികാരത്തിന്റെയും എതിർപ്പിന്റെയും ശബ്ദം ഉയർത്തിയേക്കാം. അവരോട് യുക്തിസഹമായി സ്നേഹത്തോടെ, കരുതലോടെ ഇടപെടാൻ സാധിക്കണം. വീട്ടിൽ കാണുന്നത് ഒന്ന്, സ്കൂളിൽ കാണുന്നത് മറ്റൊന്ന് എന്ന രീതിയിലാണ് കുട്ടികൾക്ക് പലപ്പോഴും അനുഭവപ്പെടുന്നത്. ഈ വൈരുധ്യം അവരെ സംശയാലുക്കളും എതിർക്കുന്നവരുമാക്കിയേക്കാം. ഇന്നത്തെ കുട്ടികൾക്ക് ഏറെ സ്വാതന്ത്ര്യം കിട്ടുന്നുണ്ട്. അത് കൊണ്ടുനടക്കാൻ അവർക്ക് പ്രാപ്തിയുണ്ടോ എന്നതാണ് പ്രശ്നം. ഇതു കിട്ടേണ്ടത് വീട്ടിൽ നിന്നും സ്കൂളിൽ നിന്നും സമൂഹത്തിൽ നിന്നുമാണ്. ഇതെല്ലാം മനസ്സിലാക്കി വേണം അവരോട് ഇടപഴകാൻ

കുഞ്ഞുപ്രായത്തിൽ തന്നെ അവരിൽ ബോധ്യങ്ങൾ ഉറയ്ക്കുന്നുണ്ട്. ട്രെയിൻ യാത്രയിൽ പലഹാരം കഴിച്ചപ്പോൾ മുമ്പിലെ സീറ്റിൽ ഒന്നര വയസായ ഒരു കുഞ്ഞ് ഇരിക്കുന്നു. എന്നെ നോക്കുന്ന കുഞ്ഞിനും അൽപ്പം പലഹാരം കൊടുക്കാമെന്നു തോന്നി. കുട്ടിക്ക് പലഹാരം കൊടുക്കട്ടേയെന്ന് കൂടെയുണ്ടായിരുന്ന മാതാപിതാക്കളോടു ചോദിച്ചു. മറ്റുള്ളവരുടെ കയ്യിൽ നിന്ന് കുഞ്ഞ് ഒന്നും വാങ്ങില്ലെന്നായിരുന്നു മറുപടി.

കുട്ടികളെ തിരുത്താൻ അധ്യാപകരും മാതാപിതാക്കളും ഭയപ്പെടരുത്. ചില വിദ്യാലയങ്ങളിൽ അധ്യാപകർക്ക് പ്രശ്നങ്ങളുണ്ടായെന്ന പേരിൽ അധ്യാപകർ ഒഴിഞ്ഞുമാറാൻ പാടില്ല. എല്ലാവരും കൈകഴുകിയാൽ സമൂഹത്തിന്റെ സ്ഥിതി എന്താകും? ഇത്തരം വാർത്തകൾക്ക് വലിയ പ്രചാരം കൊടുക്കുന്ന പത്രങ്ങളും ചാനലുകളും സമൂഹ മാധ്യമങ്ങളും വലിയ ദ്രോഹമാണ് ചെയ്യുന്നത്.

മാതാപിതാക്കളുടെ ചെയ്തികൾ കണ്ടാണ് കുട്ടികൾ വളരുന്നത്. അതിനാൽ നല്ല മാതൃകകൾ നൽകണം. ടിവിയിലും മൊബൈലിലും ഒരുപാടു സമയം ചെലവഴിക്കുന്ന രക്ഷിതാക്കൾ ഇക്കാര്യത്തിൽ കുട്ടികളെ വിലക്കിയിട്ടു കാര്യമില്ല. ഇതിനെല്ലാം കൃത്യമായ സമയനിഷ്ഠയുണ്ടാകണം. ടിവി കാണാനും ഫോൺ ഉപയോഗിക്കാനും ഇത്ര സമയം എന്ന് ടൈം ടേബിൾ വച്ച് കുട്ടികൾക്കൊപ്പം രക്ഷിതാക്കളും കൃത്യത പാലിച്ചാൽ തീരാവുന്ന പ്രശ്നമാണിത്.

മലയാളം മീഡിയം സ്കൂളിൽ കുട്ടികളെ ചേർത്തതിന് പലരും എന്നെ കുറ്റപ്പെടുത്തി. ചെറിയ ക്ലാസുകളിൽ ഇഷ്ടംപോലെ പഠിക്കാൻ അവരെ വിട്ടു. അവർ പഠിക്കുകയും ചെയ്തു. ഒൻപതാം ക്ലാസിൽ എത്തിയപ്പോഴാണ് അവരുടെ പഠനകാര്യത്തിൽ കൂടുതൽ സമയം ചെലവഴിച്ചു തുടങ്ങിയത്. അതുകൊണ്ട് ഒരുപ്രശ്നവുമുണ്ടായില്ല.

വീട്ടിൽ ഗുണപരമായി ചെലവഴിക്കേണ്ട **'ക്വാളിറ്റി ടൈം'** മാതാപിതാക്കൾ കണ്ടെത്തണം. സംസാരത്തിലും പെരുമാറ്റത്തിലും ചിന്തയിലും മാതൃകകൾ കുട്ടികൾക്ക് കിട്ടുന്നത് അപ്പോഴാണ്. ഇങ്ങനെ വളരുന്നവർ നേർവഴിയിലൂടെ ഭാവിയിലും സഞ്ചരിക്കും.

ലഹരിയുടെ വേരുകൾ സമൂഹത്തിൽ ആഴത്തിൽ പടർന്നിരിക്കുന്നു. പണ്ട് കഞ്ചാവും കറപ്പും പോലെയുള്ള പ്രകൃതിദത്ത ലഹരികളായിരുന്നെങ്കിൽ ഇന്ന് ഒരിക്കൽ പെട്ടുപോയാൽ രക്ഷപ്പെടാൻ പറ്റാത്ത തരത്തിലുള്ള രാസലഹരിയാണ് പിടിമുറുക്കിയിട്ടുള്ളത്. ലഹരി കൈവശം വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനുമെതിരെ സർക്കാർ നിയമങ്ങൾ കുറച്ചുകൂടി കർശനമാക്കണം. പൊലീസ് അധികൃതർ സത്വര നടപടികൾ സ്വീകരിക്കണം. കുടുംബഭദ്രത തകർക്കുന്ന ലഹരി വലിയ ഭീഷണിയായതിനാൽ ഓരോ കുട്ടിയിലും സമൂഹത്തിന്റെയും സ്കൂളിന്റെയും കണ്ണുവേണം. നിതാന്ത ജാഗ്രതയും കരുതലും കർശന നടപടികളും കൊണ്ടുമാത്രമേ ലഹരിയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കാനാകൂ.

**വിവാഹം കഴിക്കാൻ** മടിക്കുന്ന യുവതി-യുവാക്കളുടെ എണ്ണം കൂടി വരുന്നു. വിവാഹിതരാകുന്നവരിൽ ചിലർ മക്കൾ വേണ്ട എന്നു തീരുമാനിക്കുന്നു. ഇത് ആഴത്തിലുള്ള ഗുരുതരമായ പ്രശ്നമാണ്. വിട്ടുവീഴ്ച, ഉപാധിയില്ലാത്ത സ്നേഹം, പരസ്പരമുള്ള കരുതൽ ഇവയെല്ലാമാണ് വിവാഹ ബന്ധത്തെ ദൃഢപ്പെടുത്തുന്നത്. വിവാഹവേളയിൽ എടുക്കുന്ന പ്രതിജ്ഞയിൽ ഇവയെല്ലാം ഉൾച്ചേരുന്നു. ബന്ധുക്കളുടെയും നാട്ടുകാരുടെയും മുമ്പിൽ വച്ച് വേദപുസ്തകം തൊട്ടെടുക്കുന്ന പ്രതിജ്ഞ ചില ദമ്പതികളുടെ കാര്യത്തിൽ പാഴ്വാക്കുകളായിത്തീരുന്നു. 'നീ അങ്ങനെയാണെങ്കിൽ ഞാൻ ഇങ്ങനെ' എന്ന മട്ടിൽ ഭാര്യയും ഭർത്താവും സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ പിന്നാലെ പോയാൽ ദാമ്പത്യം പരാജയപ്പെടും. കുഞ്ഞുങ്ങളെ വേണ്ടവിധം പരിചരിക്കാൻ പോലും ചിലർക്ക് സാധിക്കുന്നില്ല. മാതൃത്വത്തിന്റെ അർത്ഥം പോലും അവർ മനസിലാക്കുന്നില്ല. ഇങ്ങനെ അകന്നു പോകാതെ എന്തെല്ലാം ചെയ്യാൻ പറ്റുമെന്ന് ഭാര്യയും ഭർത്താവും ചിന്തിക്കുന്നിടത്താണ് ദാമ്പത്യത്തിന്റെ വിജയം. പ്രശ്നങ്ങളില്ലാത്ത ഒരു കുടുംബവുമില്ല. അവയെ ഒന്നിച്ചു നേരിടുന്നതിലാണ് വിജയം.

അപവാദമുണ്ടാവുന്ന വേളയിൽ കന്യകാമറിയത്തെ സ്വീകരിച്ച യൗസേപ്പിതാവാണ് കുടുംബജീവിതക്കാരുടെ ഉത്തമ മാതൃക. ജോസഫ് എന്ന വാക്കിന് ദൈവം കൂട്ടിച്ചേർക്കും എന്ന അർത്ഥമുണ്ട്. അവൻ നിന്ദകളെ നീക്കിക്കളയുന്നവനാണ്. ക്രിസ്ത്യൻ പേരുകളെല്ലാം വലിയ അർത്ഥമുള്ളതാണ്. ഓരോരുത്തർക്കും നൽകിയിട്ടുള്ള പേരുകളുടെ അർത്ഥവും ആശയവും ആശങ്കയും കുട്ടികൾക്കു വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

## Letter to the editor

**മലബാർ വിഷനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കാം.**

വാട്സാപ്പ്: 9744995553, ഇമെയിൽ: malabarvisioneditorial@gmail.com

വിലാസം: എഡിറ്റർ, മലബാർ വിഷൻ, പി.എം.ഒ.സി, മേരിക്കുന്ന് പി.ഒ. കോഴിക്കോട് – 12

### അറിവുപകരുന്ന പംക്തികൾ

മലബാർ വിഷന്റെ സ്ഥിരം വായനക്കാരനാണ്. മലബാർ വിഷനിലെ ഒരു ലേഖനവും ഞാൻ ഒഴിവാക്കാറില്ല. പ്രത്യേകിച്ച് അകംപുറം, വീട്ടുകൃഷി, പദ്ധതി പരിചയം, വിദ്യാധനം എന്നിവ. കഴിഞ്ഞ ലക്കത്തിൽ നൽകിയ കൃഷി വികസനത്തിനുള്ള കേന്ദ്രപദ്ധതിയിലൂടെ എനിക്ക് ക്ഷീരമേഖലയിൽ ധനസഹായം ലഭിച്ചു. അതിന് ഞാൻ മലബാർ വിഷൻ പത്രത്തോടു കടപ്പെട്ടിരിക്കുന്നു. അറിവുകൾ എല്ലാവർക്കും ആവശ്യമുള്ളതാണ്. അറിവുപകരുന്ന കുറേ പക്തികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാൻ എന്നെ അറിയാവുന്ന ആളുകൾക്ക് മലബാർ വിഷൻ പത്രത്തിലെ പംക്തികൾ ആവശ്യമുള്ളതാണ് എന്ന് പറഞ്ഞ് പരിചയപ്പെടുത്തി കൊടുക്കാറുണ്ട്. ഇനിയും നല്ല നല്ല അറിവുകൾ പകരാൻ മലബാർ വിഷന് സാധിക്കട്ടെ.

*ജോസഫ് ജോസ്, പടത്തുകടവ്*

### ഉൾക്കാഴ്ച പകരുന്ന ലേഖനങ്ങൾ




മലബാർ വിഷന് എന്റെ ആശംസകൾ. രൂപതക്കാരനല്ലെങ്കിലും മലബാർ വിഷന്റെ സ്ഥിരം വായനക്കാരനാണ് ഞാൻ. വിദ്യാഭ്യാസ മേഖലയിലെ പുതിയ കോഴ്സുകളും സ്ഥാപനങ്ങളും മലബാർ വിഷനിലൂടെ വായിക്കാറുണ്ട്. അതുപോലെതന്നെ സ്കോളർഷിപ്പുകളുടെ കാര്യങ്ങളും. ഉൾക്കാഴ്ച പകരുന്ന ലേഖനങ്ങളാണ് മലബാർ വിഷന്റെ പ്രത്യേകത എന്നു തോന്നിപ്പോകുന്നു. രാഷ്ട്രീയത്തിൽ ക്രൈസ്തവർ എന്ന കഴിഞ്ഞ ലക്കത്തിലെ കവർ സ്റ്റോറി തീർത്തും അഭിനന്ദനാർഹമാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ലേഖനങ്ങളെല്ലാം നന്നായിരുന്നു.

*മനു സെബാസ്റ്റ്യൻ, സുൽത്താൻബത്തേരി*

### യഥാർത്ഥ ക്രിസ്തു ശിഷ്യർ

ക്രൈസ്തവർ രാഷ്ട്രീയത്തിൽ എന്ന സെപ്റ്റംബർ ഒക്ടോബർ ലക്കത്തിലെ കവർ സ്റ്റോറി പ്രശംസ അർഹിക്കുന്നു. ആത്മീയതയും ആരാധനയും മാത്രമല്ല ക്രൈസ്തവ ജീവിതം; സമൂഹത്തിൽ നീതിയുടെയും സത്യത്തിന്റെയും ശബ്ദമാകാനും, ദരിദ്രരുടെയും ബലഹീനരുടെയും പക്ഷത്ത് നിലകൊള്ളാനും ക്രിസ്തുവിന്റെ ശിഷ്യൻ ബാധ്യസ്ഥനാണ്. വിശ്വാസം യഥാർത്ഥത്തിൽ ഫലപ്രദമാകുന്നത് അത് സമൂഹജീവിതത്തിൽ നീതി, സത്യസന്ധത, കാരുണ്യം എന്നീ മൂല്യങ്ങളായി പ്രകടമാകുമ്പോഴാണ്. സഭയ്ക്കും വിശ്വാസ സമൂഹങ്ങൾക്കും ഈ മൂല്യങ്ങളെ വളർത്തുന്ന തലമുറയെ രൂപപ്പെടുത്താൻ കഴിയട്ടെ. അങ്ങനെ കരുണയും നീതിയും നിറഞ്ഞ സമൂഹം നിർമ്മിക്കാൻ നമുക്ക് കഴിയട്ടെ.

*തോമസ് ജേക്കബ്, കോടഞ്ചേരി*

# വിജയിക്കാൻ പുതുവഴികൾ

**നാട്ടിൽ സ്വന്തമായി ഒരു ബ്രാൻഡ് നിർമിച്ച് നമ്മുടെ അറിവും പാരമ്പര്യവും മുറുകെപ്പിടിച്ച് പുതിയ ഉൽപന്നങ്ങളും സേവനങ്ങളും വിപണിയിൽ എത്തിക്കാനുള്ള നല്ല സമയമാണിത്. മികച്ച ആശയങ്ങൾ ഉണ്ടെങ്കിൽ സ്വന്തം കുടുംബപ്പേരിലും സംരംഭങ്ങൾ തുടങ്ങി ഫാമിലി ബിസിനസ്സിലൂടെ പെട്ടെന്ന് വിജയിക്കാം**

സ്പെഷ്യൽ സ്റ്റോറി



**വില്യംസ് മാത്യു**
(വെസ്റ്റേൺ ഗട്സ് ട്രോപ്പിക്കൽ ഗാർഡൻ, വേനപ്പാറ)

യുഎഇ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പിലെ ഐടി & മീഡിയ സ്പെഷ്യലിസ്റ്റ് ജോലിയും, ദുബായ് മീഡിയസിറ്റിയിലെ ജോലിയും, ദുബായ് ഭരണാധികാരിയുടെ ഓഫീസിലെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ നിയമനവും വേണ്ടെന്നുവയ്ക്കാൻ മാത്രം കേരളത്തിൽ എന്തിരിക്കുന്നു എന്ന് ചിന്തിക്കുന്ന മലയാളികളോട്, തിരിച്ചുള്ള എന്റെ ചോദ്യങ്ങൾ ഇതാണ്. നിങ്ങളുടെ മനസ്സ് പലകുറി പറയുന്നത് കേൾക്കാറുണ്ടോ? ജോലിയുടെ ലക്ഷ്യം പണമുണ്ടാക്കുക എന്നത് മാത്രമാണോ? പിറന്ന മണ്ണിനോടും, മാതാപിതാക്കളോടും നമ്മെ നാമാക്കിയ സമൂഹത്തോടും, സഹജീവികളോടും എന്തെങ്കിലും കടമകൾ നിറവേറ്റാനുണ്ടോ?

പഠിച്ചതും, ജോലി ചെയ്തതും എല്ലാം ഇൻഫർമേഷൻ ടെക്നോളജി ആയിരുന്നെങ്കിലും വളർന്ന സംസ്കാരം കൃഷിയുടെയും, സമ്പന്നമായ കാർഷിക സംസ്കൃതിയുടേതുമായിരുന്നു. പിതാമഹന്മാർ ജീവിച്ച മണ്ണിൽ തുടരാനും നമ്മളാൽ കഴിയുന്ന തരത്തിൽ ചെറിയ സംഭാവനകൾ സമൂഹത്തിന് തിരിച്ചു കൊടുക്കാനും, അതിനുതകുന്ന സംരംഭങ്ങൾ വളർത്തി എടുക്കാനും ആയിരുന്നു എന്റെ തീരുമാനം. അതോടൊപ്പം അടിയുറച്ച ക്രിസ്തീയ വിശ്വാസത്തിൽ പിതാവിന്റെ പാത പിന്തുടർന്ന് കുടുംബത്തോടൊപ്പം ജീവിക്കുവാനും തീരുമാനമെടുത്തു.

പിന്നീടുള്ള ശ്രദ്ധ മുഴുവൻ ഏറ്റവും മികച്ച സാധ്യതകൾ മനസ്സിലാക്കാനും, അതിനെക്കുറിച്ച് പഠിക്കാനും, നേടാവുന്നത്ര പരിശീലനം നേടാനുമായിരുന്നു. സ്വന്തമായ ആശയങ്ങൾ രൂപപ്പെടുത്തി, കഠിനമായ പരിശ്രമവും, ഈശ്വര വിശ്വാസവും കൂടെ ചേർന്നപ്പോൾ അതിൽ വിജയം നേടാനും കഴിഞ്ഞു.

## പ്രതിസന്ധികൾ

പരസ്പരം സഹായിക്കാനും, വസ്തുതകളിലെ നന്മകൾ കാണാനുമുള്ള മലയാളിയുടെ വിമുഖത വലിയ പ്രശ്നമായിരുന്നു. നെഗറ്റീവ് വാർത്തകൾക്ക് മാത്രം പബ്ലിസിറ്റി കിട്ടുന്ന നാട്ടിൽ വിജയിച്ചു തെളിയിക്കുന്നത് വരെ സമൂഹം പിന്തിരിഞ്ഞു നിൽക്കും എന്ന യാഥാർഥ്യം ഉൾക്കൊണ്ടുവേണം, മുന്നോട്ടു പോകാൻ.

## പരിശ്രമിച്ചാൽ നേടാം

മനസ്സിന് ഇഷ്ടപെട്ട വിഷയം ശരിയായി പഠിച്ച്, കൃത്യമായ പ്ലാനിങ്ങോടു കൂടെ, അതിനു വേണ്ടി മനസ്സറിഞ്ഞു പരിശ്രമിച്ചാൽ വിജയം ഉറപ്പാണെന്ന ചാച്ചന്റെ വാക്കുകൾ നൽകിയ ഊർജം ചെറുതല്ല. ദൈവം ഏല്പിച്ച ദൗത്യമായി കണ്ട് മുന്നോട്ടു പോയാൽ, സഹോദരങ്ങളും, അവരോടൊപ്പം സമൂഹവും നമ്മുടെ കൂടെ നിൽക്കും എന്നത് അനുഭവ സാക്ഷ്യം.

## നാട്ടിലെ ജോലി സാധ്യതകൾ

കേരളത്തിൽ സുരക്ഷിത ഭക്ഷണവുമായി ബന്ധപ്പെട്ട മേഖലയിൽ അനവധി സംരംഭക അവസരങ്ങൾ തുറക്കുന്നുണ്ട്. CFTRI മൈസൂർ, വിവിധങ്ങളായ ഇൻകുബേഷൻ സെന്ററുകൾ, IISR, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വകുപ്പുകൾ, രാജ്യത്തെ മികച്ച സർക്കാർ റിസർച് സെന്ററുകൾ എല്ലാം ഇന്ന് സാങ്കേതിക വിദ്യകൾ കൈമാറാൻ തയ്യാറാണ്. കൃഷി അനുബന്ധ ടൂറിസം, ഫാം ടൂറിസം, സൂപ്പർ ഫുഡ്, പഴങ്ങളുടെ ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയിൽ മികച്ച സാധ്യതകളും, സർക്കാർ പ്രോത്സാഹനവും ഉണ്ട്.

## കൂട്ടായ സംരംഭങ്ങളുടെ കാലം

നാടുവിട്ട് വിദേശത്തേക്ക് ഓടുന്ന യുവാക്കളോടു പറയാനുള്ളത് സ്വന്തമായി ഒരു ബ്രാൻഡ് നിർമിച്ചു നമ്മുടെ അറിവും, പാരമ്പര്യവും മുറുകെപ്പിടിച്ച് പുതിയ ഉൽപന്നങ്ങളും, സേവനങ്ങളും വിപണിയിൽ എത്തിക്കാനുള്ള നല്ല സമയമാണിത് എന്നാണ്. മികച്ച ആശയങ്ങളുണ്ടെങ്കിൽ സ്വന്തം കുടുംബപ്പേരിലും സംരംഭങ്ങൾ തുടങ്ങി ഫാമിലി ബിസിനസ്സിലൂടെ പെട്ടെന്ന് വിജയിക്കാം. ഒരേതാല്പര്യമുള്ള കർഷകരുടെയും, പ്രൊഫഷണലുകളുടെയും കൂട്ടായ്മ രൂപീകരിച്ച്, രാജ്യത്തെ ഗവേഷണ ഏജൻസികളുടെ സാങ്കേതികവിദ്യകളും സർക്കാരിന്റെയും, ഇതര ഏജൻസിക്കളുടെയും ഗ്രാൻഡ് വാങ്ങിയും സംരംഭങ്ങൾ പടുത്തുയർത്താൻ കഴിയും.

ഫാം ടൂറിസം, സെക്കൻഡറി അഗ്രിക്കൾചർ, ഭക്ഷ്യ സംസ്കരണം, കാർഷിക മൂല്യവർധിത ഉത്പന്ന നിർമാണം, പഴങ്ങളുടെയും, തനതായ കാർഷിക ഉലപ്പന്നങ്ങളുടെയും സംസ്കരണം എന്നിവയ്ക്ക്, കേന്ദ്ര ഗവണ്മെന്റ് നൽകുന്ന AIF (അഗ്രികൾച്ചർ ഇൻഫ്രാ സ്ട്രക്ചർ ഫണ്ട്) പോലുള്ള ഈടില്ലാത്ത കുറഞ്ഞ പലിശയിൽ രണ്ടു കോടി വരെയുള്ള സാമ്പത്തിക സഹായവും നേടാം. മികച്ച സിബിൽ സ്കോർ വേണമെന്ന് മാത്രം.



വെസ്റ്റേൺ ഗട്സ് ട്രോപ്പിക്കൽ ഗാർഡൻ വിളവെടുത്ത വിവിധ തരം മധുരക്കിഴങ്ങുകൾ

## ഇവ ശ്രദ്ധിക്കണം

- തുടങ്ങാൻ ആഗ്രഹിക്കുന്ന കാര്യങ്ങളിൽ കൃത്യമായ പഠനങ്ങൾ നടത്തുക, പരിശീലനം നേടുക. അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾ നേരിട്ട് കാണുക.
- സർക്കാർ തലത്തിലുള്ള സങ്കേതിക വിവരങ്ങൾഏജൻസികൾ വഴി നേടുക.
- പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കുക.
- ആവശ്യമായ സാമ്പത്തിക കാര്യങ്ങൾ ഒരുക്കുക
- കേന്ദ്ര ഗവണ്മെന്റ് നൽകുന്ന വിവിധ സ്കീമുകളിൽ ഗ്രാൻന്റ്, സങ്കേതിക സഹായം മുതലായവ ഉറപ്പാക്കുക. കാർഷിക മേഖലയിൽ AIF (അഗ്രികൾചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പലിശ ഇളവോട് കൂടെ യാതൊരു ഈടും നൽകാതെ രണ്ടു കോടി വരെ ധന സഹായം ലഭിക്കും. ഹോർട്ടികൾചർ വകുപ്പ് സ്റ്റാർട്ടപ്പ് മിഷൻ, ഇൻകുബേഷൻ സെന്റർ എന്നിവരുടെ സേവനം ഉപയോഗിക്കാം.
- കൃത്യമായ പ്രൊജക്റ്റ് പൂർത്തീകരണം ഉറപ്പാക്കി, കുറച്ചു കാലത്തേക്ക് ആവശ്യമായ പണം മാറ്റിവെച്ച്, സോഷ്യൽ മീഡിയ മാത്രം ഉപയോഗിച്ച് സ്വന്തം വിപണി അനായാസം നേടാം.
- 5 മുതൽ 10 വർഷം വരെ ഫോക്കസ്ഡ് ആയി പ്രവർത്തിച്ചാൽ വിജയം സുനിശ്ചിതം
- അസംസ്കൃത വസ്തുക്കൾ, വിപണനം എന്നിവ കണ്ടെത്താൻ സാമൂഹ്യ മാധ്യമങ്ങളും ഗ്രൂപ്പുകളും കൂട്ടായ്മകളും പ്രയോജനപ്പെടുത്താം.

## വെസ്റ്റേൺ ഗട്സ് ട്രോപ്പിക്കൽ ഗാർഡൻ

കോഴിക്കോട് വേനപ്പാറ ഇടവകാംഗം കാപ്പാട്ടുമല കണ്ണേഴത്ത് വില്യംസ് മാത്യു ഗൾഫിലെ ലക്ഷങ്ങൾ ശമ്പളമുള്ള ജോലി വിട്ട് പൈതൃകമായി കിട്ടിയ ഭൂമിയിൽ പഴവർഗ കൃഷി തുടങ്ങി. വർഷങ്ങൾക്ക് ശേഷം അത് വെസ്റ്റേൺ ഗട്സ് ട്രോപ്പിക്കൽ ഗാർഡൻ എന്ന പേരിൽ ആയിരത്തോളം പഴ വൈവിധ്യങ്ങളും ഔഷധ സസ്യങ്ങളും കിഴങ്ങു വർഗ്ഗങ്ങളും അവയുടെ നഴ്സറികളും ഉൾപ്പെടുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ  കേരളത്തിലെ മികച്ച പ്രൊജക്റ്റായി മാറി.

കൊക്കോയിൽ നിന്ന് ചോക്ലേറ്റ് ഉത്പാദനം, പഴങ്ങളിൽ നിന്ന് ഡ്രൈ ഫ്രൂട്ട്സ് നിർമ്മാണം, കളിമണ്ണിൽ നിന്ന് പാത്ര നിർമ്മാണം ഇവയുടെ എല്ലാം പരിശീലനം ഓരോ മാസത്തിലും ഇവിടെ നടത്തുന്നു. ടൂറിസം മിഷന്റെ വിവിധ ടൂറിസം പാക്കേജ് സന്ദർശകർക്കായി നടത്തുന്നുണ്ട്. ഇവയെല്ലാം നമ്മുടെ കർഷകർക്ക് അനുകരിക്കാവുന്ന മോഡലുകളാണ്. സ്വന്തം കൃഷിയിടത്തിലേക്കു സ്വദേശികളും വിദേശികളും എത്തുമ്പോൾ കർഷകന്റെ വരുമാനം ഇരട്ടിക്കുന്നതോടൊപ്പം, ഗ്രാമങ്ങളിൽ പുതിയ അവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു.

ഉത്തരവാദിത്ത ടൂറിസവുമായി സഹകരിച്ച് അഗ്രി ഫാം ടൂറിസം, സ്ത്രീ സൗഹാർദ്ദ ടൂറിസം, ഫാം സ്റ്റേ, ഫാം ടൂർ, മെറ്റ ഹെവൻ എന്ന പഴത്തോട്ടത്തിനുള്ളിലെ ഫാം റിസോർട്ടും സന്ദർശകർക്കും, ടൂറിസ്റ്റുകൾക്കുമായി തുറന്നിരിക്കുന്നു.

കർഷകർക്കും, അഗ്രിബിസിനസ്, ഫാം ടൂറിസം, പഴത്തോട്ട നിർമ്മാണം, അഗ്രി സ്റ്റാർട്ട്പ്പ് എന്നിവ ആഗ്രഹിക്കുന്നവർക്കും അനുബന്ധ ആവശ്യങ്ങൾക്കും വിവരങ്ങൾക്കും വില്യംസ് മാത്യുവിനെ വിളിക്കാവുന്നതാണ്.
ഫോൺ: **8281400600.**

സ്നേഹസ്മരണകളോടെ
25-ാം ചരമവാർഷികം
24-12-2025



അന്നമ്മ പൗലോസ്
കിഴക്കയിൽ, ചേവായൂർ
25-04-1926 : 24-12-2000
'നിങ്ങളുടെ പ്രാർത്ഥനയും സ്നേഹവുമായിരിക്കട്ടെ
എന്റെ സ്വർഗ്ഗപ്രയാണത്തിലേക്കുള്ള ഏക ആശ്രയം'
പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

# നവംബർ ഓർമ്മിപ്പിക്കുന്നു, മരണം അവസാനമല്ല



## വിശ്വാസ വീഥി

**ഫാ. ലിൻസ് മുണ്ടക്കൽ**
(താമരശ്ശേരി രൂപതാ കമ്മ്യൂണിക്കേഷൻ മീഡിയ അസി. ഡയറക്ടർ)

*ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യസമ്മാനത്തെക്കുറിച്ച് അവൻ പ്രത്യാശ പുലർത്തിയെങ്കിൽ അത് പാവനവും ഭക്തിപൂർണവുമായ ഒരു ചിന്തയാണ്. അതിനാൽ മരിച്ചവർക്ക്, പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാര കർമം അനുഷ്ഠിച്ചു. (2 മക്കബായർ 12:45)*

വിരഹദുഖങ്ങളുടെ മാസം എന്ന ഓമനപ്പേര് ലഭിച്ച മാസമാണ് നവംബർ. ചില നഷ്ടങ്ങളുടെ ഓർമ്മകൾ പലപ്പോഴും പിന്നോട്ട് വലിപ്പിക്കുന്ന ഒരു മാസം. എന്നാൽ, കത്തോലിക്കാ തിരുസഭ നവംബർ മാസത്തിൽ വിശ്വാസികളെ വിശുദ്ധീകരിക്കപ്പെടേണ്ട ഒരു കാലഘട്ടത്തിലേക്ക് ക്ഷണിക്കുകയാണ്. നമ്മെ വിട്ടുപോയ പ്രിയപ്പെട്ടവർക്കായി ഹൃദയം തുറന്ന് പ്രാർത്ഥിക്കാനും മരണമുണ്ടെന്ന ഓർമയിൽ സ്വയം വിശുദ്ധീകരിക്കാനും. ഇത് കേവലം ദുഃഖത്തിന്റെ മാസമല്ല, മറിച്ച് ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള പ്രത്യാശയുടെയും നിത്യജീവന്റെയും പ്രഘോഷണമാണ്.

നവംബർ 1, സ്വർഗ്ഗീയ മഹത്വത്തിൽ പങ്കുചേരുന്ന വിശുദ്ധരെ ആദരിച്ചുകൊണ്ട് നാം സകല വിശുദ്ധരുടേയും തിരുനാൾ ആഘോഷിക്കുന്നു. നവംബർ 2, ദൈവത്തിന്റെ കരുണയിൽ ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് സകല മരിച്ച വിശ്വാസികളുടേയും ഓർമ്മ ദിനം ആചരിക്കുന്നു. ഈ രണ്ട് തിരുനാളുകളും ഒരേ സത്യമാണ് വിളിച്ചുപറയുന്നത്: മരണം ഒരവസാനമല്ല. മദർ തെരേസ പറഞ്ഞതുപോലെ, മരണം, അത് വീട്ടിലേക്കുള്ള, സ്വർഗത്തിലേക്കുള്ള വാതിൽ മാത്രമാണ്.

### മരണം: പ്രത്യാശയിലേക്കുള്ള കവാടം

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം മരണം ഇരുട്ടിലേക്കുള്ള യാത്രയല്ല, അത്, ഒരു രൂപാന്തരീകരണമാണ്. 'യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും.' (1 തെസലോനിക്കാ 4:14).

ഈ ഉറച്ച വിശ്വാസത്തിൽ, നമ്മുടെ വിലാപം പോലും വിശ്വാസത്തിന്റെ പ്രവൃത്തിയായി മാറുന്നു. നമ്മെ വിട്ടുപോയവരെ ഓർക്കുമ്പോൾ, സ്നേഹം മരണത്തേക്കാൾ ശക്തമാണ് എന്നും, ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള ബന്ധം പ്രാർത്ഥനയിലൂടെ നിലനിൽക്കുന്നു എന്നും നാം പ്രഖ്യാപിക്കുന്നു.

### മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എന്തിന്?

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (1030-1032) അനുസരിച്ച്, ദൈവകൃപയിൽ മരിക്കുന്ന, എന്നാൽ പരിപൂർണ്ണമായ ശുദ്ധീകരണം ആവശ്യമുള്ള ആത്മാക്കൾ പ്രവേശിക്കുന്ന അവസ്ഥയെയാണ് നാം ശുദ്ധീകരണസ്ഥലം (Purgatory) എന്ന് വിളിക്കുന്നത്. ദൈവത്തിന്റെ മഹത്വം കാണുന്നതിനുമുമ്പുള്ള ദൈവകാരുണ്യത്തിന്റെ ഒരു ശുദ്ധീകരണ പ്രക്രിയയാണിത്.

നമ്മുടെ പ്രിയപ്പെട്ടവർ നിത്യജീവിതത്തിന്റെ പൂർണ്ണതയിലേക്ക് യാത്ര ചെയ്യുമ്പോൾ, നമ്മുടെ പ്രാർത്ഥനകളും, ദിവ്യബലിയർപ്പണങ്ങളും, ദാനധർമ്മങ്ങളും ഇഹലോക ജീവിതത്തിലെ കുറവുകൾ വീട്ടാൻ അവർക്ക് വലിയ സഹായമാണ്. ബലിയർപ്പണവും ദാനധർമ്മവും പാപത്തിന് പരിഹാരമാണ് എന്ന് വിശുദ്ധഗ്രന്ഥം ആവർത്തിച്ച് നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലൂടെ, വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്ന വിശുദ്ധരുടെ കൂട്ടായ്മ (Communion of Saints) എന്ന ദൈവീക രഹസ്യത്തിൽ നാം പങ്കുചേരുന്നു. ഇത് സ്വർഗ്ഗത്തിലും, ഭൂമിയിലും, ശുദ്ധീകരണത്തിലും ഉള്ള സഭകളെ ഒന്നിപ്പിക്കുന്ന ആത്മീയ ഐക്യമാണ്. അതുകൊണ്ടാണ് തിരുസഭ എന്നത് ഒരു ഭൗമീക സംവിധാനം മാത്രമല്ല, മറിച്ച്, അത് വിജയസഭയും സഹനസഭയും സമരസഭയും ചേരുന്നതാണെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത്.

അതിനാൽ, നവംബർ മാസം, നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മെ സഹായിക്കുകയും വളർത്തുകയും നമുക്ക് ജീവിക്കാനായിട്ടുള്ള സാഹചര്യങ്ങളെല്ലാം ക്രമീകരിക്കുകയും ചെയ്ത പ്രിയപ്പെട്ടവരോടുള്ള ആഴമായ കടപ്പാടും നന്ദിയും പ്രകടിപ്പിക്കാനുള്ള പ്രത്യേക അവസരം കൂടിയാണിത്.

### പൂർവികരുടെ ആഹ്വാനം

മരിച്ചവരെ ഓർക്കുന്ന ഈ മാസം നമുക്ക് ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കും. മരിച്ചവർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഈ വിശുദ്ധ പാരമ്പര്യം ഓരോ കത്തോലിക്കാ ഭവനത്തിലും നവംബറിൽ പുതുക്കണം. ഇത് പാരമ്പര്യമായി നമ്മുടെ പൂർവികർ നമ്മെ പരിശീലിപ്പിച്ചതുകൂടിയാണ്. വരും തലമുറകളും അത് പരിശീലിക്കേണ്ടതുണ്ട്.

1. **സെമിത്തേരികൾ സന്ദർശിക്കുക:** കേവലം കല്ലറകൾ അലങ്കരിക്കുന്നതിന് അപ്പുറം, അവിടെ ഭക്തിയോടെ പ്രാർത്ഥിക്കുകയും നമ്മുടെ വിശ്വാസവും സ്നേഹവും പ്രകടിപ്പിക്കുകയും ചെയ്യുക.
2. **വിശുദ്ധ കുർബാന അർപ്പിക്കുക:** ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി കഴിയുന്നത്ര തവണ ദിവ്യബലിയിൽ പങ്കുചേരുക, നിയോഗങ്ങൾ വച്ച് വി. കുർബ്ബാനകളർപ്പിച്ച് പ്രാർത്ഥിക്കുക അവർക്കുവേണ്ടി നമുക്ക് സമർപ്പിക്കാൻ കഴിയുന്നതിൽ ഏറ്റവും ശക്തമായ പ്രാർത്ഥനയാണത്.
3. **സൽപ്രവൃത്തികൾ ചെയ്യുക:** ദാനധർമ്മങ്ങൾ ചെയ്യുകയോ പരിഹാരപ്രവൃത്തികൾ (ത്യാഗങ്ങൾ) അനുഷ്ഠിക്കുകയോ ചെയ്യുക. സ്നേഹത്തോടെ സമർപ്പിക്കുന്ന ഒരു നല്ല പ്രവൃത്തി പോലും, സ്വർഗ്ഗം കാത്തിരിക്കുന്ന ശുദ്ധീകരണ ആത്മാക്കൾക്ക് വെളിച്ചം നൽകാൻ കാരണമാകും.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നാൽ, അവരെ തുടർന്നും സ്നേഹിക്കുക എന്ന് തന്നെയാണ് അർത്ഥം. കാലത്തിന് ഭേദിക്കാൻ കഴിയാത്ത ബന്ധത്തെ ജീവനോടെ നിലനിർത്തുന്ന പ്രവൃത്തിയാണത്. നമ്മുടെ പ്രാർത്ഥനകൾ നിത്യതയിൽ കത്തുന്ന വിളക്കുകളാണ്, ആത്മാക്കളെ ദൈവത്തിന്റെ തേജസ്സാർന്ന ദർശനത്തിലേക്ക് വഴി നടത്താൻ അവ സഹായിക്കുന്നുണ്ട്.

അതിനാൽ, ഈ നവംബർ മാസം ആചരിക്കുമ്പോൾ, നമ്മിലോരോരുത്തരിലും നിത്യതയെക്കുറിച്ചുള്ള ആഴമായ അവബോധവും, മരിച്ചവരോട് ആർദ്രമായ കരുണയും, നമ്മുടെ യാത്ര അവസാനിക്കുമ്പോൾ മറ്റുള്ളവർ കർത്താവിന്റെ അൾത്താരയുടെ മുമ്പിൽ നമ്മെയും ഓർക്കും എന്ന ദൃഢമായ പ്രത്യാശയും ഉണർത്തട്ടെ.

# ബിരുദധാരികൾക്ക് സുവർണ്ണാവസരവുമായി പിഎസ്‌സി

## കരിയർ കോർണർ



**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**

ഡിഗ്രിയോഗ്യതയുള്ളവർക്ക് ആകർഷകമായ ശമ്പളവും ആനുകൂല്യങ്ങളുമുള്ള സർക്കാർ ജോലി സ്വന്തമാക്കാൻ സുവർണ്ണാവസരം. കമ്പനി, ബോർഡ് അസിസ്റ്റന്റ് പരീക്ഷയ്ക്ക് കേരള പിഎസ്‌സി അപേക്ഷ ക്ഷണിച്ചു. നവംബർ 19 വരെ പിഎസ്‌സി വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ബിരുദ യോഗ്യതയുള്ള പരീക്ഷകളിൽ ഏറ്റവും കൂടുതൽ നിയമനം നടക്കുന്നത് കമ്പനി/ബോർഡ് അസിസ്റ്റന്റ് ലിസ്റ്റിൽ നിന്നാണ്. ഏകദേശം അഞ്ചു വർഷത്തെ ഇടവേളക്ക് ശേഷമാണ് പിഎസ്‌സി കമ്പനി/ബോർഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നത്.




### കമ്പനി/ബോർഡ് അസിസ്റ്റന്റ്

കെഎസ്എഫ്ഇ, ഇലക്ട്രിസിറ്റി ബോർഡ്, കെൽട്രോൺ, കേരള പൊലൂഷൻ കൺട്രോൾ ബോർഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലാണ് നിയമനം ലഭിക്കുക. കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്ന് 2500 ഓളം ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചു കഴിഞ്ഞു.

**യോഗ്യത:** യുജിസി അംഗീകൃത ഡിഗ്രിയാണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. ജനൽ കാറ്റഗറിക്കാർക്ക് 36 വയസ്സ് വരെയാണ് പ്രായപരിധി.

### എങ്ങനെ പഠിക്കാം?

പ്രിലിംസ്, മെയിൻസ് എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായാണ് പരീക്ഷ. രണ്ട് ഘട്ടങ്ങളിലും 100 ചോദ്യങ്ങൾ അടങ്ങിയ 100 മാർക്കിന്റെ ഒബ്ജക്റ്റീവ് ഒഎംആർ പരീക്ഷയാണ്. പ്രലിമിനറി പരീക്ഷ പാസാകുന്നവരാണ്മെയിൻഎക്സാം എഴുതാൻ യോഗ്യത നേടുക. കേരള പിഎസ്സി മുൻവർഷ ചോദ്യമാണ് ഈ പരീക്ഷ വിജയിക്കാൻ ഏറ്റവും മികച്ച മാർഗ്ഗം. ഒപ്പം തന്നെ NCERT / SCERT ടെക്സ്റ്റ് ബുക്കുകൾ പഠനത്തിനായി ഉപയോഗിക്കാം. സിലബസ് അടിസ്ഥാനപ്പെടുത്തി കൂടുതൽ മാർക്കുകൾ നേടാൻ സാധിക്കുന്ന മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ മേഖലകൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ ഈ പരീക്ഷ അനായാസം പാസാവാം. ഈ മൂന്നു മേഖലകളിൽ നിന്നും മാത്രം നൂറിൽ 50 മാർക്കിനുള്ള ചോദ്യങ്ങൾ ലഭിക്കും. എന്നാൽ ചരിത്രം (ലോകചരിത്രം, ഇന്ത്യ ചരിത്രം, കേരള ചരിത്രം) എന്നിവ പഠിച്ചെടുക്കണമെങ്കിൽ വളരെയേറെ സമയവും ശ്രമവും ആവശ്യമാണ്. ഈ ഏരിയയിൽ നിന്ന് 10 മാർക്കിനുള്ള ചോദ്യങ്ങളെ വരുന്നുള്ളൂ. അതിനാൽ ചരിത്ര പഠനം പോലുള്ള വിഷയങ്ങൾ സമയം നിജപ്പെടുത്തി മാത്രം ക്രമീകരിക്കുക. കൂടുതൽ മാർക്ക് ലഭിക്കാൻ സാധ്യതയുള്ള ഹൈ ഫോക്കസ് ഏരിയകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് സ്മാർട്ട് വർക്ക്. ഒപ്പം ഓപ്ഷൻ എലിമിനേഷൻ ടെക്നിക്കുകൾ പഠിച്ചെടുത്താൽ ഒബ്ജക്റ്റീവ് പരീക്ഷകൾ നേടിയെടുക്കാം. മത്സര പരീക്ഷകൾക്ക് വിജയിക്കാൻ കൂടുതൽ ആവശ്യം സ്മാർട്ട് വർക്ക് ആണ്.

### സംവരണ നേട്ടം ഉപയോഗിക്കാം

2019–ൽ കേന്ദ്രസർക്കാർ നടപ്പാക്കിയ EWS (Economically Weaker Section) ആനുകൂല്യം കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ ജോലി സംവരണത്തിൽ ലഭ്യമാകും. മേൽപ്പറഞ്ഞ പരീക്ഷയ്ക്ക് 10% സീറ്റുകൾ ഈ കാറ്റഗറിയിൽ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. EWS സംവരണം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സീറോ മലബാർ സമുദായ അംഗങ്ങൾക്ക് ലഭ്യമാകും. ഈ കാറ്റഗറിയിൽ കട്ട് ഓഫ് കുറവായതിനാൽ ഇത്തരം ജോലികൾ നേടിയെടുക്കുന്നത് എളുപ്പമാകും.

### അവസരങ്ങളുമായി യൂണിവേഴ്സിറ്റി അസിസ്റ്റന്റ് വിജ്ഞാപനം

2025 നവംബറിൽ കേരള പിഎസ്‌സി ഡിഗ്രി വിദ്യാഭ്യാസ യോഗ്യത ആവശ്യമുള്ള യൂണിവേഴ്സിറ്റി അസിസ്റ്റൻറ് വിജ്ഞാപനം പുറത്തിറക്കും. യൂണിവേഴ്സിറ്റി അസിസ്റ്റന്റിൽ തുടങ്ങി പ്രമോഷൻ വഴി യൂണിവേഴ്സിറ്റി റജിസ്ട്രാർ സ്ഥാനം വരെ എത്താൻ സാധിക്കുന്ന പോസ്റ്റാണിത്. കമ്പനി ബോർഡ് അസിസ്റ്റന്റ് പരീക്ഷയുടെ അതേ പരീക്ഷാ ഘടനയും വിദ്യാഭ്യാസ യോഗ്യതയുമായതിനാൽ ഈ രണ്ട് പരീക്ഷകൾക്കും ഒരുമിച്ച് തയ്യാറെടുക്കാം.

*(ലേഖിക കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ കാസർകോടുള്ള ഐസിഎആർ–സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രജ്ഞയാണ്)*

**ഉപകാരസ്മരണ**



**വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ**
**അഖില പരിയാപുരം**

# യുജിസി നെറ്റ് – ജെആർഎഫ് പരീക്ഷകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

**ശാസ്ത്ര – മാനവിക വിഷയങ്ങളിൽ ഈ വർഷത്തെ സി.എസ്.ഐ.ആർ–യുജിസി സംയുക്ത ദേശീയ യോഗ്യത നിർണയ പരീക്ഷയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 7**



വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം



വിവിധ സർവകലാശാലകളിലും കോളജുകളിലും അധ്യാപകരായി ജോലി ലഭിക്കുന്നതിനും ജൂനിയർ റിസേർച്ച് ഫെലോഷിപ്പോടെ (ജെ.ആർ.എഫ്) അംഗീകൃത റിസർച്ച് സെന്ററുകളിൽ ഗവേഷണം നടത്തുന്നതിനും യോഗ്യത നൽകുന്ന പരീക്ഷയാണ് യുജിസി–സി.എസ്.ഐ.ആർ നെറ്റ് എക്സാം. നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻ.ടി.എ) ആണ് ഈ പരീക്ഷ നടത്തുന്നത്.

## പരീക്ഷ രണ്ടുതവണ

എല്ലാ വർഷവും ജൂൺ–ഡിസംബർ മാസങ്ങളിലായി രണ്ട് തവണയാണ് പരീക്ഷ നടത്തുന്നത്. ഡിസംബർ പരീക്ഷയ്ക്കുള്ള നോട്ടിഫിക്കേഷൻ ആണ് ഇപ്പോൾ വന്നിരിക്കുന്നത്. ugcnet.nta.in എന്ന വെബ് സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം. 2025 ഡിസംബർ 31 മുതൽ 2026 ജനുവരി ഏഴ് വരെയുള്ള ദിവസങ്ങളിലാണ് പരീക്ഷ നടക്കുന്നത്.

## നെറ്റ്/ ജെ.ആർ.എഫ്

നെറ്റ് പരീക്ഷ തനിച്ചോ നെറ്റ്–ജെ.ആർ.എഫ് ഒന്നിച്ചോ എഴുതാം. ഓരോ വിഷയത്തിലും യോഗ്യത നേടുന്നവരിൽ നിശ്ചിത ശതമാനം പേർക്കാണ് ആ വർഷം അധ്യാപക നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയായ നെറ്റ് യോഗ്യത നൽകുക. ഇവരിൽ കൂടുതൽ മാർക്ക് നേടുന്ന നിശ്ചിത ശതമാനം പേർക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ജെ.ആർ.എഫ് ലഭിക്കും. ജെ.ആർ എഫ് ലഭിക്കുന്നവർക്ക് അധ്യാപക നിയമന യോഗ്യതയും ഗവേഷണ കാലയളവിൽ പ്രതിമാസം 37,000 രൂപ സ്റ്റൈപ്പെൻഡും ലഭിക്കും. കൂടാതെ വർഷം 20,000 രൂപ കണ്ടിൻജെൻസി ഗ്രാന്റും ലഭിക്കും.

നെറ്റ് പരീക്ഷയ്ക്ക് പ്രായപരിധിയില്ല. എന്നാൽ ജെ.ആർ.എഫിന് പ്രായപരിധിയുണ്ട്. മാനവിക വിഷയങ്ങളിൽ 30 വയസിനും സയൻസ് വിഷയങ്ങളിൽ 28 വയസിനും താഴെയായിരിക്കണം പ്രായം. വനിതകൾക്കും പിന്നോക്ക വിഭാഗക്കാർക്കും അഞ്ച് വയസ്സിന്റെ ഇളവ് ലഭിക്കും.

## ശാസ്ത്ര വിഷയങ്ങൾ

ശാസ്ത്രവിഷയങ്ങൾക്കും മാനവിക വിഷയങ്ങൾക്കും വെവ്വേറെ പരീക്ഷയാണ് നടത്തുന്നത്. താഴെ പറയുന്ന അഞ്ച് സയൻസ് വിഷയങ്ങളാണ് ശാസ്ത്ര വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ലൈഫ് സയൻസ് (സുവോളജി, ബോട്ടണി), 2. മാത്തമാറ്റിക്കൽ സയൻസ് (ഗണിതം), 3. ഫിസിക്കൽ സയൻസ് (ഫിസിക്സ്), 4. കെമിക്കൽ സയൻസ് (കെമിസ്ട്രി), 5. എർത്ത് സയൻസ് (അറ്റ്മോസ്ഫറിക്ക്, ഓഷ്യൻ, പ്ലാനറ്ററി).

● **യോഗ്യത:** ഏതെങ്കിലും വിഷയത്തിൽ എംഎസ്സി, ഇന്റഗ്രേറ്റഡ് ബിഎസ്–എംഎസ്, നാലു വർഷ ബിഎസ്, ബി.ഫാം, ബി.ഇ, ബി.ടെക്ക്, എംബിബിഎസ് എന്നീ യോഗ്യതയുള്ളവർക്കും ഈ വിഷയങ്ങളിലെ അവസാന വർഷക്കാർക്കും അപേക്ഷിക്കാം. നെറ്റ് പരീക്ഷയുടെ റിസൽട്ട് വന്നതിനുശേഷം രണ്ട് വർഷത്തിനുള്ളിൽ യോഗ്യതാ പരീക്ഷ പാസായിരിക്കണം. ജനറൽ വിഭാഗക്കാർക്ക് 55 ശതമാനവും മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് 50 ശതമാനവും മാർക്ക് വേണം. നാലു വർഷ ബിരുദ കോഴ്സിൽ പഠിക്കുന്നവർക്ക് പിഎച്ച്ഡിയ്ക്ക് ചേരാൻ ജെ.ആർ.എഫ് ഉപകരിക്കും.

● **പരീക്ഷ:** ഈ വർഷത്തെ പരീക്ഷ ഡിസംബർ 31 മുതലാണ്. 200 മാർക്കിന്റെ മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷ ആയിരിക്കും. കംപ്യൂട്ടർ ബേസ്ഡ് (CBT) ടെസ്റ്റ് ആണ് നടത്തുന്നത്. രാവിലെ ഒമ്പതു മുതൽ 12 വരെയും ഉച്ചക്കഴിഞ്ഞ് മൂന്നു മുതൽ ആറു വരെയുമുള്ള സമയങ്ങളിലായി, ദിവസം രണ്ട് ഷിഫ്റ്റായിട്ടാണ് പരീക്ഷ നടത്തുന്നത്. കൊച്ചിയും കോഴിക്കോടും ഉൾപ്പെടെ രാജ്യത്ത് 287 സെന്ററുകളിലാണ് പരീക്ഷ നടക്കുന്നത്. കേരളത്തിൽ വയനാട് ഒഴികെ എല്ലാ ജില്ലയിലും പരീക്ഷ കേന്ദ്രങ്ങൾ ഉണ്ട്.

● **പരീക്ഷാ രീതി:** ശാസ്ത്രവിഷയങ്ങളിലെ പരീക്ഷയ്ക്ക് പാർട്ട് എ, പാർട്ട് ബി, പാർട്ട് സി എന്നീ മൂന്ന് വിഭാഗങ്ങൾ ഉണ്ടാകും. മൂന്ന് വിഭാഗത്തിലും തെറ്റായ ഉത്തരങ്ങൾക്ക് അതാത് വിഷയങ്ങളുടെ സിലബസിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നെഗറ്റീവ് മാർക്ക് ഉണ്ടാകും. മൊത്തം 200 മാർക്കാണ് ഉണ്ടാവുക.

● **പാർട്ട് എ:** എല്ലാ വിഭാഗക്കാർക്കും പൊതുവായ പരീക്ഷയാണ് ഈ വിഭാഗത്തിൽ ഉള്ളത്. ലോജിക്കൽ റീസണിങ്, ഗ്രാഫിക്കൽ അനാലിസിസ്, ന്യൂമറിക്കൽ എബിലിറ്റി, ക്വാണ്ടിറ്റേറ്റീവ് കംബാരിസൺസ്, സീരീസ് ഫോർമേഷൻ പസിലുകൾ തുടങ്ങി 20 ചോദ്യങ്ങളിൽ 15 എണ്ണത്തിന് ഉത്തരം എഴുതണം. ഓരോ ചോദ്യത്തിനും രണ്ട് മാർക്ക് വീതം മൊത്തം 30 മാർക്ക്,

● **പാർട്ട് ബി:** അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട അധികം കടുപ്പമല്ലാത്ത പരമ്പരാഗത രീതിയിലുള്ള 50 ചോദ്യങ്ങളാണ് ഈ വിഭാഗത്തിൽ. വിഷയത്തിന്റെ അഭിരുചി അളക്കുന്ന ചോദ്യങ്ങളും ഉണ്ടാകും. 35 എണ്ണത്തിന് ഉത്തരമെഴുതണം. പാർട്ട് ബിയിലും ഓരോ ചോദ്യത്തിനും രണ്ട് മാർക്ക് വീതം മൊത്തം 70 മാർക്ക്.

● **പാർട്ട് സി:** വിഷയങ്ങളിലുള്ള അറിവ് അളക്കുന്ന ഉയർന്ന നിലവാരത്തിലുള്ള 75 ചോദ്യങ്ങളാണ് ഈ വിഭാഗത്തിൽ ഉണ്ടാവുക. 25 എണ്ണത്തിന് ഉത്തരമൊഴുതണം. ഈ വിഭാഗത്തിൽ നെഗറ്റീവ് മാർക്ക് ഇല്ല. ഓരോ ചോദ്യത്തിനും 4 മാർക്ക് വീതം മൊത്തം 100 മാർക്ക്.

## അപേക്ഷ സമർപ്പിക്കാൻ

www.csirnet.nta.nic എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ജനറൽ വിഭാഗക്കാർക്ക് 1,150 രൂപയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 600 രൂപയുമാണ് ഫീസ്.

## മാനവിക വിഷയങ്ങൾ

വിവിധ ഭാഷാ വിഷയങ്ങൾ, ആർട്സ് വിഷയങ്ങൾ എന്നിവയ്ക്കു പുറമേ ജോഗ്രഫി, കംപ്യൂട്ടർ സയൻസ്, ഹോം സയൻസ്, ഇലക്ട്രോണിക്സ്, എൻവയോൺമെന്റൽ മുതലായ ഏതാനും സയൻസ് വിഷയങ്ങളടക്കം 85 വിഷയങ്ങളിലാണ് ഈ വിഭാഗത്തിൽ പരീക്ഷ നടക്കുക. യുജിസി അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് 55 ശതമാനം മാർക്കോടെ മാസ്റ്റർ ബിരുദമാണ് യോഗ്യത. പിന്നോക്ക വിഭാഗക്കാർക്ക് 50 ശതമാനം മാർക്ക് മതി. മാസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

ഇവർ നെറ്റ് ഫലം വന്ന് രണ്ടു വർഷത്തിനുള്ളിൽ നിർദിഷ്ട മാർക്കോടെ മാസ്റ്റർ ബിരുദം നേടിയിരിക്കണം. നെറ്റിന് പ്രായപരിധി ഇല്ലെങ്കിലും ജെ.ആർ.എഫ് എഴുതുന്നവരുടെ പ്രായം 30 വയസ് കഴിയാൻ പാടില്ല. വനിതകൾക്കും പിന്നോക്ക വിഭാഗക്കാർക്കും 35 വയസുവരെയാകാം.

**പരീക്ഷ:** ഈ പരീക്ഷയും എല്ലാ വർഷവും ജൂൺ, ഡിസംബർ മാസങ്ങളിലായി രണ്ട് തവണ നടത്തുന്നു. ഡിസംബർ 31 മുതൽ ജനുവരി ഏഴു വരെ തീയതികളിലാണ് ഈ വർഷത്തെ പരീക്ഷ. അടുത്ത ജൂൺ 15 മുതൽ 20 വരെയാകും ജൂണിലെ പരീക്ഷ. ജൂൺ പരീക്ഷയ്ക്ക് മാർച്ച്–ഏപ്രിൽ മാസത്തിൽ അപേക്ഷിക്കണം. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള കംപ്യൂട്ടർ ബേസ്ഡ് ടെസ്റ്റിന് രണ്ട് പേപ്പറുകളാണ് ഉള്ളത്. തിരുവനന്തപുരം, കൊച്ചി അടക്കം രാജ്യത്ത് 91 കേന്ദ്രങ്ങളിൽ വച്ചാണ് പരീക്ഷ നടക്കുക.

● **പരീക്ഷ രീതി:** പരീക്ഷയുടെ ആദ്യ ഒരു മണിക്കൂർ 50 ചോദ്യങ്ങൾ അടങ്ങിയ 100 മാർക്കിന്റെ പേപ്പർ ഒന്നും പിന്നീടുള്ള രണ്ട് മണിക്കൂർ100 ചോദ്യങ്ങൾ അടങ്ങിയ 200 മാർക്കിന്റെ ചോദ്യങ്ങളുമാണ് ഉള്ളത്. രണ്ട് പേപ്പറിലെയും തെറ്റായ ഉത്തരത്തിന് നെഗറ്റീവ് മാർക്ക് ഇല്ല.


● **പേപ്പർ ഒന്ന്:** അധ്യാപന അഭിരുചി, ഗവേഷണരീതി, യുക്തി ചിന്ത, ആശയഗ്രഹണം, പൊതുവിജ്ഞാനം, ഭരണഘടന തുടങ്ങി 10 വിഷയങ്ങളിൽനിന്നുമാണ്. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ എല്ലാ വിഷയക്കാർക്കും ഒന്ന് തന്നെ ആയിരിക്കും.

● **പേപ്പർ രണ്ട്:** അതാത് വിഷയങ്ങളിലെ ഉയർന്ന നിലവാരമുള്ള കടുപ്പമേറിയ ചോദ്യങ്ങളാണ് ഈ വിഭാഗത്തിൽ ഉണ്ടാവുക. 85 മാനവിക വിഷയങ്ങളിലും പേപ്പർ വ്യത്യസ്തമായിരിക്കും.

രണ്ട് പേപ്പറുകളും കപ്യൂട്ടർ ബേസ്ഡ് ടെസ്റ്റ് ആണ്. ഒബ്ജക്റ്റീവ് മൾട്ടിപ്പിൾ ചോയിസ് (MCQS) മാതൃകയിൽ.

## അപേക്ഷ സമർപ്പിക്കാൻ

ഡിസംബർ പരീക്ഷയ്ക്ക് www.nta.net.in എന്ന വെബ്സൈറ്റ് വഴി നവംബർ ഏഴിന് മുൻപായി അപേക്ഷിക്കണം. ജൂണിലെ പരീക്ഷയ്ക്ക് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അപേക്ഷിക്കാം. പരീക്ഷ എത്ര തവണ വേണമെങ്കിലും എഴുതാം. ജനറൽ വിഭാഗക്കാർക്ക് 1,150 രൂപയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 600 രൂപയുമാണ് അപേക്ഷ ഫീസ്.



# ലളിതം, സൗമ്യം,

മലബാർ വിഷൻ മലബാർ വിഷൻ മലബാർ വിഷൻ മലബാർ വിഷൻ

**അടുത്തിടപെടുന്ന ആരെയും അത്ഭുതപ്പെടുത്തുന്ന ശാന്തവും സൗമ്യവുമായ പെരുമാറ്റം തൂങ്കുഴി പിതാവി**
**ഇടപെടലുകളിലെ വിനീതഭാവവും അദ്ദേഹത്തെ അനന്യനാക്കി. അധികാരിയുടെ സ്വരത്തിന്റെ കണിശ**
**ഊഷ്മളതയും സ്നേഹവുമാണ് അദ്ദേഹവുമായുള്ള സംഭാഷണങ്ങൾ**



## സ്പെഷ്യൽ സ്റ്റോറി

ഫാ. തോമസ് നാഗപറമ്പിൽ
(വികാരി, സേക്രഡ് ഹാർട്ട് ഫോറോന ചർച്ച്, തിരുവമ്പാടി)

താമരശ്ശേരി രൂപത സഭയ്ക്കും സമൂഹത്തിനും നൽകിയ അമൂല്യ സംഭാവനയാണ് സെപ്റ്റംബർ 17-ാം തീയതി കാലം ചെയ്ത അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത. തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി ശുശ്രൂഷ പൂർത്തിയാക്കി തൃശ്ശൂർ സെന്റ് മേരീസ് സെമിനാരിയിൽ വിശ്രമജീവിതം നയിച്ചുവരവെ 95-ാം വയസ്സിൽ അദ്ദേഹം നിത്യതയിലേക്ക് കടന്നുപോയി. മാനന്തവാടി, താമരശ്ശേരി രൂപതകളിൽ മെത്രാനായും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തായായും അദ്ദേഹം മേൽപ്പെട്ടശുശ്രൂഷ ചെയ്തു.

### തിരുവമ്പാടി ഇടവകയുടെ പുത്രൻ

പാലാ വിളക്കുമാടം ഇടവകയിൽ ജനിച്ച ജേക്കബ് തൂങ്കുഴി ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് വേണ്ടി സെമിനാരിയിൽ ചേർന്നു. ശെമ്മാശനായിരിക്കെ തന്നെ തലശ്ശേരി രൂപതയിലേക്ക് മാറി. ചങ്ങനാശ്ശേരി മൈനർ സെമിനാരിയിൽ വൈസ് റെക്ടറായിരുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അച്ചനാണ് ജേക്കബ് തൂങ്കുഴിയുടെ ഭാവിഭാഗധേയങ്ങൾ വഴിതിരിച്ചുവിടുന്നത്. റോമിലേക്ക് ഉപരിപഠനത്തിന് പോയ ബ്രദർ തൂങ്കുഴി അവിടെവച്ച് വൈദിക പട്ടം സ്വീകരിച്ചു.
1969-ൽ തുങ്കുഴി കുടുംബം മലബാറിലേക്ക് കുടിയേറി. മാർ ജേക്കബ് തൂങ്കുഴി എന്ന മഹാവ്യക്തിത്വത്തെ ഏറ്റുവാങ്ങാൻ തിരുവമ്പാടിക്ക് ഭാഗ്യം ലഭിച്ചത് അങ്ങനെയാണ്. തിരുവമ്പാടി എന്ന കുടിയേറ്റ ഗ്രാമത്തിന്റെ അഭിമാനമായി അദ്ദേഹം മാറി.

### മലബാറിന്റെ അജപാലകൻ

മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ അസാധാരണമായ വ്യക്തിപ്രഭാവവും വിശുദ്ധ ജീവിതവും മലബാർ എന്ന് വിളിക്കപ്പെടുന്ന ഒരു വലിയ ഭൂപ്രദേശത്തിന്റെ മുഴുവൻ ആത്മീയപാലനത്തിന് ദൈവം കരുതിവച്ച സമ്പത്താണ്. അവിഭക്ത തലശ്ശേരി രൂപതയിൽ സെക്രട്ടറിയായും സെമിനാരി റെക്ടറായും ചാൻസലറായും പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച അദ്ദേഹം മാനന്തവാടി, താമരശ്ശേരി, തൃശ്ശൂർ രൂപതകളിലൂടെ തന്റെ ശുശ്രൂഷ ചരിത്രം പൂർത്തിയാക്കുമ്പോൾ നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു അജപാലന ചരിത്രത്തിന്റെ താളുകൾ നിവർത്തപ്പെടുന്നു. തൃശ്ശൂർ തുടങ്ങി കാസർഗോഡ് വരെ ആറ് ജില്ലകളും തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ ഭൂപ്രദേശങ്ങളും അവിഭക്ത തലശ്ശേരി രൂപതയുടെ ഭാഗമായ ഇന്നത്തെ ഭദ്രാവതി, ബൽത്തങ്ങാടി, മാണ്ഡ്യ, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളും തുടർന്ന് തൃശ്ശൂർ അതിരൂപതയും ചേർന്ന് 7 രൂപതകൾ മാർ തൂങ്കുഴിയുടെ അജപാലന ശുശ്രൂഷയുടെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്.

### മാനന്തവാടിയുടെ പ്രഥമ മെത്രാൻ

1973-ൽ വിശാലമായ തലശ്ശേരി രൂപത വിഭജിച്ച് മാനന്തവാടി കേന്ദ്രമായി രൂപത നിലവിൽ വന്നപ്പോൾ പുതിയ രൂപതയുടെ പ്രഥമ മെത്രാനാകുവാനുള്ള ദൈവനിയോഗം ഫാ. ജേക്കബ് തൂങ്കുഴിക്കായിരുന്നു. നീണ്ട 22 വർഷങ്ങൾ മാനന്തവാടി രൂപതയുടെ ഊടും പാവും നെയ്തെടുക്കുന്നതിന് തുങ്കുഴി പിതാവ് അത്യധ്വാനം ചെയ്തു. ഇന്നത്തെ മാണ്ഢ്യയും ഭദ്രാവതിയും ഉൾപ്പെടുന്നതായിരുന്നു അന്നത്തെ മാനന്തവാടി. ദൈവജനത്തിന്റെ ആത്മീയത മാത്രമല്ല ഭൗതിക സാഹചര്യങ്ങളുടെ വളർച്ചയും അദ്ദേഹം ജാഗ്രതയോടെ ശ്രദ്ധിച്ചു. 1970-കളുടെ തുടക്കം കേവലം അവികസിതമായ വയനാടിനെ വികസനത്തിന്റെയും വളർച്ചയുടെ രാജപാതയിലേക്ക് കൈപിടിച്ചു കയറ്റുന്നതിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിനുള്ള പങ്ക് നിസ്തുലമാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും സാമൂഹ്യക്ഷേമ പദ്ധതികളിലൂടെയും വയനാടിന്റെ അത്ഭുതകരമായ വികാസ പരിണാമങ്ങൾക്ക് ആ കാലഘട്ടം സാക്ഷ്യം വഹിച്ചു. 1977-ൽ അദ്ദേഹം ആരംഭിച്ച സന്യാസിനി സമൂഹം – സൊസൈറ്റി ഓഫ് ക്രിസ്തുദാസീസ് – അദ്ദേഹം സ്വപ്നം കണ്ട അജപാലന ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട വൈദികരോടൊപ്പം മുഖ്യസഹകാരികളായി.







- 1930 ഡിസംബർ 13 → വിളക്കുമാടം തൂങ്കുഴി കുര്യൻ – റോസ ദമ്പതികളുടെ മകനായി ജനനം
- 1956 ഡിസംബർ 22 → റോമിൽ വച്ച് പൗരോഹിത്യ സ്വീകരണം
- 1959 → തൂങ്കുഴി കുടുംബം തിരുവമ്പാടിയിലേക്ക് കുടിയേറി
- 1973 മെയ് 1 → മാനന്തവാടി രൂപതാ സ്ഥാപനം. മാർ ജേക്കബ് തൂങ്കുഴി പ്രഥമമെത്രാൻ
- 1977 മെയ് 19 → ക്രിസ്തുദാസി സന്യാസ സമൂഹ സ്ഥാപനം
- 1995 ജൂലൈ 28 → താമരശ്ശേരി രൂപതയുടെ ദ്വിതീയ മെത്രാൻ
- 1996 ഡിസംബർ 18 → തൃശൂർ അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്ത
- 2007 മാർച്ച് 18 → അതിരൂപതാ ഭരണത്തിൽ നിന്നു വിരമിച്ചു
- 2025 സെപ്റ്റംബർ 17 → നിത്യതയിലേക്ക്

### മാതൃരൂപതയിലേക്ക്

മാനന്തവാടിയിലെ ഇടയശുശ്രൂഷകൾക്ക് 25 വർഷം തികയാനിരിക്കെ അവിടം വിട്ട് മാതൃരൂപതയായ താമരശ്ശേരിയിൽ ഇടയദൗത്യം ഏറ്റെടുക്കാനായിരുന്നു തൂങ്കുഴി പിതാവിന്റെ നിയോഗം. കേവലം ഒന്നരവർഷം മാത്രമാണ് അദ്ദേഹത്തിന് ഇവിടെ ലഭിച്ചത്. മാനന്തവാടിയിൽ നിന്ന് തൃശ്ശൂർക്കുള്ള യാത്രാമധ്യേ ഒരു ഇടത്താവളം. പക്ഷേ, ആ കുറഞ്ഞ കാലം കൊണ്ട് താമരശ്ശേരി രൂപതയിൽ ഇന്നും സ്ഥായിയായി നിൽക്കുന്ന ഒട്ടേറെ സംരംഭങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. അവയിൽ ശ്രദ്ധേയമാണ് 'യേശുനിധി' എന്ന ജീവകാരുണ്യ സംരംഭം. രൂപത സമൂഹം ഒന്നടങ്കം ഏറ്റെടുത്ത ഒന്നായി ഇന്നും യേശുനിധി നിലനിൽക്കുന്നു. ഓരോ വർഷവും അതിലേക്കുള്ള സംഭാവനകൾ കൂടിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, വിവാഹം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിൽ അർഹതപ്പെട്ടവർക്ക് സഹായം നൽകുവാൻ രൂപതാ സമൂഹത്തിന് കഴിയുമ്പോൾ അഭിവന്ദ്യ തൂങ്കുഴി പിതാവിനെ നാം ഓർക്കുകയാണ്.

രൂപതയുടെ ഭൗതിക വളർച്ചയെ പിന്തുണയ്ക്കുവാൻ സ്വന്തമായി വരുമാനമാർഗങ്ങൾ കൃത്യമായി ഇല്ലാതിരിക്കെതന്നെയാണ് സാവന്തവാടിയിൽ സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചത്. അതിനുള്ള പണം കണ്ടെത്താനുള്ള ഉത്തരവാദിത്വവും അദ്ദേഹം തന്നെ ഏറ്റെടുത്തു.

കത്തീഡ്രൽ പള്ളിക്ക് വേണ്ടി തന്റെ മുൻഗാമി മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിപിതാവ് കണ്ടെത്തിയ സ്ഥലത്ത് പള്ളി പണിയുവാനുള്ള ആദ്യഘട്ട നടപടികൾ തൂങ്കുഴി പിതാവ് പൂർത്തിയാക്കി. അതിനുള്ള ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ച് പിതാവിന് ഏകദേശം വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. എന്നാൽ അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നതിന് മുമ്പ് തൃശ്ശൂർ മെത്രാപ്പോലീത്തയായി സ്ഥലം മാറി. രൂപതയുടെ ഭരണപരമായ കാര്യങ്ങളിലും സ്വതസിദ്ധമായ ജനകീയ മാറ്റങ്ങൾ കൊണ്ടുവരുവാൻ അദ്ദേഹം ശ്രമിച്ചു.

### തൃശ്ശൂരിന്റെ മെത്രാപ്പോലീത്ത

കേരളത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങളിൽ ഒന്നായി അറിയപ്പെടുന്ന തൃശ്ശൂരിന്റെ വെല്ലുവിളി നിറഞ്ഞ അജപാലനദൗത്യം 1996-ൽ മാർ തൂങ്കുഴിയെ തേടിയെത്തി. മെത്രാപ്പോലീത്ത സ്ഥാനം ഏറ്റെടുത്ത അഭിവന്ദ്യ പിതാവിന് പിന്തുടരേണ്ടിയിരുന്നത് ചിരപ്രതി



മാർ ജേക്കബ് തൂങ്കുഴിയുടെ സംസ്കാര ശുശ്രൂഷയിൽ നിന്ന്

# , ദീപ്തം

**ന് സ്വന്തമായിരുന്നു. വാക്കുകളിലെ വിനയവും
രതകളല്ല, മറിച്ച്, പിതാവിന്റെ വാക്കുകളുടെ
സമ്മാനിച്ചത്**



താമരശ്ശേരി രൂപതയുടെ മെത്രാനായി മാർ ജേക്കബ് തൂങ്കുഴി അഭിഷിക്തനാകുന്നു

ഷ്ഠം നേടിയ തൃശ്ശൂർ ക്രൈസ്തവ പാരമ്പര്യങ്ങളും അഭിവന്ദ്യ ജോസഫ് കുണ്ടുകുളം മെത്രാപ്പോലീത്തയുടെ പിൻഗാമി എന്ന ദൗത്യവുമാണ്. 10 വർഷങ്ങളുടെ ശുശ്രൂഷകൾ അവിടെ പൂർത്തിയാക്കുമ്പോൾ തൂങ്കുഴി പിതാവ് തൃശ്ശൂർ വിട്ടു പോരുവാൻ കഴിയാത്ത വിധം ആ മണ്ണിന്റെയും ജനത്തിന്റെയും സ്വന്തമായി കഴിഞ്ഞിരുന്നു. തൃശ്ശൂർ ക്രൈസ്തവ സമൂഹത്തിന്റെ സമ്പന്നവും പുരാതനവുമായ വിശ്വാസാചാരങ്ങളും അനുഷ്ഠാനങ്ങളും തന്റെ ആഴമേറിയ ആത്മീയ ചൈതന്യം കൊണ്ട് പരിപോഷിപ്പിക്കുവാൻ തൂങ്കുഴി പിതാവിന് കഴിഞ്ഞിട്ടുണ്ട്.

പൊതുസമൂഹത്തിന്റെ വികസന മേഖലകളിലേക്കും തൂങ്കുഴി പിതാവിന്റെ സംഭാവനകൾ നിരവധിയാണ്. പെരിങ്ങണ്ടൂർ എയ്ഡ്സ് റിസർച്ച് ആൻഡ് റിഹാബിലിറ്റേഷൻ സെന്റർ, ചെറുതുരുത്തി ജ്യോതി എൻജിനീയറിങ് കോളജ്, ജൂബിലി നഴ്സിങ് കോളജ്, മുള്ളൂർക്കര മഹാജൂബിലി ബിഎഡ് കോളജ് തുടങ്ങിയവ അദ്ദേഹത്തിന്റെ കാലത്ത് ആരംഭിച്ചു. ജൂബിലി മിഷൻ ആശുപത്രിയെ മെഡിക്കൽ കോളജാക്കി വളർത്തിയതും ഈ കാലയളവിലാണ്. വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിന് മുളയത്ത് മേരി മാതാ മേജർ സെമിനാരി അദ്ദേഹം ആരംഭിച്ചു. രണ്ടു തവണ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 2004 ലെ സിബിസിഐ സമ്മേളനത്തിന് തൃശ്ശൂർ വേദിയായി. ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന 'കാരിത്താസ് ഇന്ത്യ'യുടെ ചെയർമാനായും മാർ തൂങ്കുഴി സേവനം ചെയ്തിട്ടുണ്ട്. ഔദ്യോഗിക ജീവിതത്തിലെ അവസാന പതിറ്റാണ്ടും സംഭവബഹുലമാക്കി കൊണ്ടാണ് അദ്ദേഹം 2007 തൃശ്ശൂർ മെത്രാപ്പോലീത്ത എന്ന സ്ഥാനം ഒഴിയുന്നത്.

അടുത്തിടപെടുന്ന ആരെയും അത്ഭുതപ്പെടുത്തുന്ന ശാന്തവും സൗമ്യവുമായ പെരുമാറ്റം തൂങ്കുഴി പിതാവിന് സ്വന്തമായിരുന്നു. വാക്കുകളിലെ വിനയവും ഇടപെടലുകളിലെ വിനീതഭാവവും അദ്ദേഹത്തെ അനന്യനാക്കി. ഒരു അധികാരിയുടെ സ്വരത്തിന്റെ കണിശതകളല്ല, മറിച്ച്, ഒരു പിതാവിന്റെ വാക്കുകളുടെ ഊഷ്മളതയും സ്നേഹവുമാണ് അദ്ദേഹവുമായുള്ള സംഭാഷണങ്ങൾ അവശേഷിപ്പിച്ചത്. അഭിവന്ദ്യ തൂങ്കുഴി പിതാവിനെ ഉന്നതനാക്കിയത് അദ്ദേഹത്തിനു ലഭിച്ച സ്ഥാനങ്ങൾ ആയിരുന്നില്ല. പകരം, ലാളിത്യമായിരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ മുഖമുദ്ര പദവികളായിരുന്നില്ല. പകരം, പകർന്നുകൊടുക്കുന്ന സ്നേഹമായിരുന്നു. ആരെയും മുറിപ്പെടുത്താതെ തന്റെ നിലപാടുകൾ പങ്കുവയ്ക്കുവാനുള്ള കഴിവ് അന്യാദൃശമാണ്. ആഴമായ ആന്തരികത ഉള്ളവർക്ക് വിപരീതസാഹചര്യങ്ങളെ ശാന്തമായി നേരിടുവാൻ കഴിയും. അദ്ദേഹത്തിന്റെ മുഖത്ത് ശോഭിച്ച ചൈതന്യം വ്യക്തിജീവിതത്തിൽ കാത്തുസൂക്ഷിച്ചിരുന്ന പ്രാർത്ഥനാരൂപിയുടെയും ആത്മീയതയുടെയും പ്രതിഫലനമായിരുന്നു.

## 'കയ്റോസ്'

69 വർഷം പുരോഹിതനായും അതിൽ 52 വർഷം മെത്രാനായും ജീവിച്ച അഭിവന്ദ്യ തൂങ്കുഴി പിതാവിനെ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ ഞാൻ കൂടുതൽ കാണാനിടവന്നത് തിരുവമ്പാടിയിലെ 'KAIROS' എന്ന ഭവനത്തിൽ വച്ചാണ്. പിതാവിന് സ്വന്തമായി ഉണ്ടായിരുന്ന സ്ഥലത്ത്, അദ്ദേഹം സ്ഥാപിച്ച ക്രിസ്തുദാസി സിസ്റ്റർമാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന KAIROS എന്ന ഭവനം. നിരവധി കുട്ടികൾ അവിടെ താമസിച്ചു പഠിക്കുന്നു. പഠിക്കാനും പ്രാർത്ഥിക്കാനും സ്വഭാവരൂപവൽക്കരണം സാധിക്കാനും ഇണങ്ങുന്ന നല്ല അന്തരീക്ഷം സൃഷ്ടിച്ച് കുട്ടികൾക്ക് വളരാൻ അവിടെ സാഹചര്യം ഒരുക്കിയിരിക്കുന്നു. തന്റെ മാതാപിതാക്കളായ കുര്യൻ–റോസമ്മ എന്നിവരുടെ സ്മരണയാണ് 'Kai'–'ros'. വന്ദ്യപിതാവ് അവിടെയെത്തി കുട്ടികളോടൊപ്പം സമയം ചെലവഴിക്കുമായിരുന്നു. ആ കുഞ്ഞുങ്ങളെ പിതാവ് വളരെ സ്നേഹിച്ചിരുന്നു; അവർ തങ്ങളുടെ പിതാവിനെയും.

'Kairos' എന്ന ഗ്രീക്ക് വാക്കിന് സമയം, 'ദൈവം ആഗ്രഹിക്കുന്ന സമയം' എന്ന വിവക്ഷയുണ്ട്. ദൈവം ആഗ്രഹിച്ചത് അവിടുന്ന് ആഗ്രഹിക്കുന്ന സമയത്ത് ചെയ്തുതീർക്കുവാൻ സ്വന്തം ജീവിതത്തെ സമർപ്പിച്ച വ്യക്തിയാണ് വന്ദ്യ തൂങ്കുഴിപിതാവ്. ആയുസ്സും ആരോഗ്യവും ദൈവത്തിന്റെ ദാനമാണ്. അതു നൽകി വിശുദ്ധ വഴിയിലൂടെ ദൈവം അദ്ദേഹത്തെ നടത്തി. വിശുദ്ധൻ തന്റെ വിശുദ്ധിയിലൂടെ അമരത്വം നേടുന്നു.



മലബാർ വിഷൻ

## നേട്ടം



● 2025 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ കംപ്യൂട്ടർ എയ്ഡഡ് എംബ്രോയിഡറി & ഡിസൈനിങ് ട്രേഡിൽ ദേശീയതലത്തിൽ ഒന്നാം റാങ്ക് നേടിയ സിസ്റ്റർ ജിസ്മരിയ എസ്എഫ്എൻ. താമരശ്ശേരി സെന്റ് ഫിലിപ്പിനേരി സന്യാസ സമൂഹാംഗമാണ്.



● കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നു സാമ്പത്തിക ശാസ്ത്രത്തിൽ പിഎച്ച്ഡി നേടിയ കെ. സി. ലിബി. നാദാപുരം ഗവ. കോളജിൽ അസി. പ്രൊഫസറാണ്. വിലങ്ങാട് കടവൂർ ചാണ്ടിയുടെയും ലില്ലിയുടെയും മകൻ. ഭാര്യ: ഷെറിൻ തോമസ്.



● കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നു ബോട്ടണിയിൽ പിഎച്ച്ഡി നേടിയ ബിബിൻ ജോസഫ്. കാസർഗോഡ് കൊട്ടോടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ബോട്ടണി അധ്യാപകനാണ്. വെറ്റിലപ്പാറ തെള്ളകത്ത് ടി. ജെ. ജോസഫിന്റെയും ബെൻസി ജോസഫിന്റെയും മകൻ. ഭാര്യ ഡോ. എമിലിയ മൈക്കിൾ.



● കൊച്ചി കേരള സമുദ്ര പഠന സർവകലാശാലയിൽ നിന്ന് എംഎസ്സി ബയോടെക്നോളജിയിൽ രണ്ടാം റാങ്ക് നേടിയ അനു മരിയ ജോസഫ്. തോട്ടുമുക്കം ഇടവകാംഗമായ ഔസേപ്പുപറമ്പിൽ ജോസഫ് തോമസ്–ലിസ്സി ജോർജ് ദമ്പതികളുടെ മകളാണ്.



● ചെന്നൈയിൽ നടന്ന 64–ാമത് നാഷണൽ ഇന്റർ സ്റ്റേറ്റ് സീനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 20 കിലോമീറ്റർ നടത്തത്തിൽ സ്വർണം നേടിയ ബിലിൻ ജോർജ് ആന്റണി. ചക്കിട്ടപാറ ഇടവകാംഗം തെങ്ങുംപള്ളിൽ ആന്റണി–ലീന ദമ്പതികളുടെ മകനാണ്.

● താമരശ്ശേരി രൂപതയുടെ യുട്യൂബ് ചാനലായ Media Commission Thamarassery SUBSCRIBE ചെയ്യുവാൻ QR കോഡ് സ്കാൻ ചെയ്യൂ.

# തരംഗമായി ടാലൻഷ്യ 2.0

### താമരശ്ശേരി കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച ഇന്റർ സ്കൂൾ മെഗാ ക്വിസ് ഫൈനൽ മത്സരത്തിൽ മാറ്റുരച്ചത് 32 വിദ്യാർത്ഥികൾ

**തിരുവമ്പാടി ●** പരമമായ സത്യം കണ്ടെത്താൻ പ്രാപ്തമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും പ്രതികരണശേഷിയുള്ള നല്ല തലമുറയ്ക്ക് വിദ്യാർത്ഥികൾ ചോദ്യങ്ങൾ ചോദിച്ച് വളരണമെന്നും സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ. താമരശ്ശേരി കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച ഇന്റർ സ്കൂൾ മെഗാ ക്വിസ് മത്സരം 'ടാലൻഷ്യ 2.0' സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

താമരശ്ശേരി രൂപത ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പരിപാടി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ചലച്ചിത്ര അക്കാദമി റീജിയണൽ കോ–ഓർഡിനേറ്റർ നവീന വിജയൻ, കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, അൽഫോൻസ കോളജ് പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ്, റോഷൻ മാത്യു, വിപിൻ എം. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.




ടാലൻഷ്യ 2.0–ൽ വിജയികളായവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, പ്രേം കുമാർ, ഫാ. ജോസഫ് പാലക്കാട്ട്, ഫാ. മനോജ് കൊല്ലംപറമ്പിൽ, ഡോ. ഷൈജു ഏലിയാസ്, റോഷൻ മാത്യു എന്നിവരോടൊപ്പം

വിവിധ ഘട്ടങ്ങളിലായി ഹയർസെക്കൻഡറി, ഹൈസ്കൂൾ, യുപി, എൽപി വിഭാഗങ്ങൾക്കായി നടന്ന മത്സരത്തിൽ എഴുപത്തി നാല് വിദ്യാലയങ്ങളിലെ 30000 വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 32 വിദ്യാർത്ഥികളാണ് ഫൈനലിൽ എത്തിയത്. അൽഫോൻസാ കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ മത്സരം നിയന്ത്രിച്ചു.

ഏബൽ റിന്റോ, പി. ആർ. റുഷ്ദ ഫാത്തിമ (സെക്രട്ട് ഹാർട്ട് എൽപി സ്കൂൾ തിരുവമ്പാടി), എസ്തർ മരിയ, നിയ ഫാത്തിമ (സെന്റ് മേരീസ് എച്ച്എസ് കല്ലാനോട്), ക്രിസ്ത്യാനോ ഡെലിൻ ഡെന്നീസ്, ഇസബെല്ല വർഗീസ് (സെന്റ് ജോർജ് എച്ച്എസ് കുളത്തുവയൽ) അനന്തു സന്തോഷ്, ബ്രിജിത്ത് തോമസ് (ഹോളി ഫാമിലി എച്ച്എസ്എസ് പടത്തുകടവ്) എന്നിവർ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം 10000, 7000, 5000 രൂപാ ക്യാഷ് പ്രൈസും സ്കൂളുകൾക്ക് എവർറോളിങ് ട്രോഫിയും നൽകി.

## കുടുംബക്കൂട്ടായ്മയ്ക്ക് പുതിയ നേതൃത്വം

**താമരശ്ശേരി ●** കുടുംബക്കൂട്ടായ്മ രൂപതാ സമിതിക്ക് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഈങ്ങാപ്പുഴ ഇടവകാംഗം പ്രകാശ് മാത്യു പുളിക്കേക്കരയാണ് പുതിയ രൂപതാ പ്രസിഡന്റ്. പാറോപ്പടി ഇടവകാംഗം മേരിക്കുട്ടി സെബാസ്റ്റ്യൻ എടക്കരയെ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

**മറ്റു ഭാരവാഹികൾ:** വൈസ് പ്രസിഡന്റ് – സെബാസ്റ്റ്യൻ ഉാമണ്ണിൽ (നെന്മേനി), ജോ. സെക്രട്ടറി – ഷേർലി തോമസ് തെക്കയിൽ (മൈലെള്ളാംപാറ), ട്രഷറർ – സെബാസ്റ്റ്യൻ വട്ടമറ്റത്തിൽ (കോടഞ്ചേരി) കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ജിനോയ് പനക്കൽ നേതൃത്വം നൽകി



ഫാ. ജിനോയ് പനക്കൽ



പ്രകാശ് മാത്യു പുളിക്കേക്കര



മേരിക്കുട്ടി എടക്കര

## ജൂബിലി ഗാനമത്സരം: എഫ്സിസി സിസ്റ്റേഴ്സ് ഒന്നാമത്

**താമരശ്ശേരി ●** രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് ഫെല്ലോഷിപ്പ് ഓഫ് സിസ്റ്റേഴ്സ് ഓഫ് താമരശ്ശേരി (എഫ്എസ്ടി) രൂപതയിലെ സിസ്റ്റർമാർക്കായി സംഘടിപ്പിച്ച ജൂബിലി ഗാനമത്സരത്തിൽ എഫ്സിസി കോൺഗ്രിഗേഷൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. എസ്എച്ച്, സിഎംസി കോൺഗ്രിഗേഷനുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## യൂദിത്ത് ഫോറം താമരശ്ശേരി ഫൊറോന സംഗമം

**താമരശ്ശേരി ●** രൂപതയിലെ വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ താമരശ്ശേരി ഫൊറോനാ സംഗമം നടത്തി. ഫൊറോനാ വികാരി ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു.

യൂദിത് ഫോറം രൂപതാ പ്രസിഡന്റ് മേരി പൗലോസ് വിധവകൾക്ക് തുടങ്ങാൻ സാധിക്കുന്ന വിവിധ ചെറുകിട തൊഴിൽ സംരംഭങ്ങളെക്കുറിച്ചും വിധവകൾ ഒന്നിച്ചു ചേരേണ്ട ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു. ആനിമേറ്റർ സിസ്റ്റർ റെനി ജോസ്, കോ–ഓഡിനേറ്റർ സിസ്റ്റർ ജോസ്മി എസ്എച്ച്, സിസ്റ്റർ മെൽവിൻ എസ്എബിഎസ് എന്നിവർ പ്രസംഗിച്ചു.

വിധവകളായ അമ്മമാർക്ക് കുമ്പസാരത്തിനും കൗൺസിലിങ്ങിനുമുള്ള അവസരം ഒരുക്കിയിരുന്നു. താമരശ്ശേരി രൂപതയിലെ വിവിധ സന്യാസിനി ഭവനങ്ങളിൽ നിന്നുള്ള സഹോദരിമാരാണ് സമ്മേളനത്തിന് നേതൃത്വം നൽകിയത്.


## മലബാർ വിഷൻ മാട്രിമോണിയൽ

**വധുവിനെ അന്വേഷിക്കുന്നു**

താമരശ്ശേരി രൂപതാംഗമായ യുവാവ്, 28 വയസ്സ്, 184 cm ഉയരം അധ്യാപകനായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ : 9495489873

**വരനെ അന്വേഷിക്കുന്നു**

കാഞ്ഞിരപ്പള്ളി രൂപതാംഗമായ യുവതി, 30 വയസ്സ്, 155cm, M.Com. പുരാതന കുടുംബം. കോഴിക്കോട് പ്രമുഖ സ്കൂളിൽ ഓഫീസ് അഡ്മിൻ. കോഴിക്കോട് ജില്ലയിലും പരിസരപ്രദേശത്തുമുള്ള അനുയോജ്യമായ യുവാക്കളുടെ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9747847048

**വരനെ അന്വേഷിക്കുന്നു**

താമരശ്ശേരി രൂപതാംഗമായ യുവതി, 29 വയസ്സ്, 162 cm ഉയരം MBA Cyber Security, Ethical hacker - Work From Home. Upper Middle class family. IT മേഖലയിൽ ജോലിയുള്ളവർക്ക് മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ : 9061994706, 9400493396

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാരസ്മരണ**



ഒരു വിശ്വാസി– നെല്ലിപ്പൊയിൽ

# കുടിയേറ്റ ശതാബ്ദി അനുസ്മരണം

## നവംബർ 22-ന് കോഴിക്കോട് ടൗൺ ഹാളിൽ കുടിയേറ്റ ജനതയുടെ സംഭാവനകളെക്കുറിച്ച് സിമ്പോസിയം

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് നവംബറിൽ കുടിയേറ്റ അനുസ്മരണവും അവബോധവും കേന്ദ്ര വിഷയമാക്കി വിവിധ കർമ്മ പദ്ധതികൾ രൂപീകരിച്ചു. മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദി അനുസ്മരിച്ച് രൂപത-മേഖല-ഇടവക തലങ്ങളിലായി വിവിധ പരിപാടികൾ സംഘടിപ്പിക്കും.

നവംബർ 16-ന് ഇടവക തലത്തിൽ ആദ്യകാല കുടിയേറ്റക്കാരെ ആദരിക്കും. വിവിധ ആഴ്ചകളിൽ മേഖലാതലത്തിൽ കുടിയേറ്റ അനുസ്മരണ-അവബോധ കൂട്ടായ്മകളും ക്ലാസുകളും സംഘടിപ്പിക്കും. നവംബർ 22-ന് കോഴിക്കോട് ടൗൺഹാളിൽ കുടിയേറ്റത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലെ സംഭാവനകളെക്കുറിച്ചുള്ള സിമ്പോസിയം സംഘടിപ്പിക്കും. കുടിയേറ്റ ശതാബ്ദി ആഘോഷം നടത്തും.

കുടിയേറ്റ ജനതയുടെ അതിജീവനചരിത്രം ശതാബ്ദി നിറവിൽ എത്തിനിൽക്കുമ്പോൾ അതിന്റെ നാൾവഴികളിലേക്ക് തിരിഞ്ഞു നോക്കാനും, കുടിയേറ്റം മലബാറിന്റെ മണ്ണിൽ വരുത്തിയ മാറ്റത്തിന്റെ ചരിത്രഭാഗമായവരെ അനുസ്മരിക്കാനും ആദരിക്കാനും, കുടിയേറ്റത്തിന്റെ സംഭാവനകൾ പുതുതലമുറയിലേക്ക് എത്തിക്കാനുമാണ് കുടിയേറ്റ ശതാബ്ദി ആഘോഷം ലക്ഷ്യമിടുന്നത്. അശോകപുരം ഇടവക വികാരിയും സെന്റ് അൽഫോൻസ ജെറിയാട്രിക് & പാലിയേറ്റീവ് കെയർ രൂപതാ ഡയറക്ടറുമായ ഫാ. മാത്യു കുളത്തിങ്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

### റൂബി ജൂബിലി വിശേഷങ്ങൾ

### ഡിസംബറിൽ കുടുംബ ശാക്തീകരണം മുഖ്യലക്ഷ്യം

കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ റൂബി ജൂബിലിയുടെ ഭാഗമായി ഡിസംബർ മാസത്തിൽ ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഇടവക തലത്തിൽ കുടുംബക്കൂട്ടായ്മ കൺവെൻഷനുകൾ ഇതിനോടകം ആരംഭിച്ചു. പാറോപ്പടി, മുക്കം പള്ളികളിൽ കൺവെൻഷനുകൾ നടത്തി.

റൂബി ഫെസ്റ്റ് എന്ന പേരിൽ പൗരോഹിത്യത്തിന്റെ 40 വർഷം ആഘോഷിക്കുന്ന വൈദികർ, വ്രതവാഗ് ദാനത്തിന്റെ 40 വർഷം പിന്നിടുന്ന സിസ്റ്റർമാർ, നാൽപതാം വിവാഹ വാർഷികം ആഘോഷിക്കുന്നവർ, നാൽപതാം ജന്മദിനം ആഘോഷിക്കുന്നവർ തുടങ്ങിയവരെ ഇടവകാതലത്തിൽ ആദരിക്കും. ബൈബിൾ പഠനത്തിന്റെ ഭാഗമായി ബൈബിൾ ക്വിസ് മത്സരം ഫോറോനാതലത്തിൽ നടത്തും.

ഇടവകകളിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെയും അവരുടെ കുടുംബാംഗങ്ങളെയും രൂപതാതലത്തിൽ ഒരുമിച്ചുകൂട്ടി ക്രിസ്തുമസ് ആഘോഷം സംഘടിപ്പിക്കും. നസ്രാണി വിഭവങ്ങളെ പരിചയപ്പെടുത്തുന്ന പാചക മത്സരവും മെഗാ മാർഗംകളിയും സംഘടിപ്പിക്കും. കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ജിനോയ് പനക്കൽ ഡിസംബറിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

# ഊർജം പകർന്ന് സംഗമങ്ങൾ



താമരശ്ശേരിയിൽ നടന്ന വൈദികരുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമത്തിൽ നിന്ന്

റൂബി ജൂബിലിയോടനുബന്ധിച്ച് സെപ്റ്റംബറിൽ നടത്തിയ വിവിധ സംഗമങ്ങൾ കൂട്ടായ്മയ്ക്ക് പുത്തൻ ഉണർവേകി.

താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച വൈദികരുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വൈദികരുടെ മാതാപിതാക്കൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണെന്നും അവരുടെ വിശ്വാസമാണ് സമർപ്പിതജീവിതത്തിന്റെ അടിത്തറയെന്നും ബിഷപ് പറഞ്ഞു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവുങ്കര, ടോം തോമസ് ഐക്കുളമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. റവ. ഡോ. കുര്യൻ പുരമഠം ക്ലാസുകൾക്ക് നേതൃത്വം നൽകി. രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട്, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. സായി പാറൻകുളങ്ങര, ഫാ. ലിൻസ് മുണ്ടക്കൽ, ഫാ. കുര്യൻ താന്നിക്കൽ തുടങ്ങിവർ നേതൃത്വം നൽകി.

● രൂപതയിലെ അധ്യാപകരല്ലാത്ത റിട്ടയേർഡ് സർക്കാർ ഉദ്യോഗസ്ഥരുടെ സംഗമം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഇടവകയിലെയും ഫൊറോനയിലെയും വിവിധ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് റിട്ടയേർഡ് ജീവിതം ഫലദായകമാക്കണമെന്ന് ബിഷപ് ഓർമിപ്പിച്ചു. റവ. ഡോ. കുര്യൻ പുരമഠം ക്ലാസ് നയിച്ചു. മോൺ. അബ്രഹാം വയലിൽ, ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. ജോൺ ഒറവുങ്കര, ഫാ. ഷെറിൻ പുത്തൻപുരക്കൽ, ഫാ. സായി പാറൻകുളങ്ങര, അഡ്വ. ജോർജ് വട്ടുകളം എന്നിവർ പ്രസംഗിച്ചു.

● കർഷക പ്രതിനിധി സംഗമം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കാലാവസ്ഥ വ്യതിയാനങ്ങളും നിയമ പ്രശ്നങ്ങളും വന്യജീവികളും പ്രതിസന്ധി സൃഷ്ടിക്കുമ്പോൾ നൂതന സാധ്യകൾ കണ്ടെത്തി ഒന്നിച്ച് നിൽക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനും കർഷകർക്ക് കഴിയണമെന്ന് ബിഷപ് അഭിപ്രായപ്പെട്ടു. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അജയ് അലക്സ് ക്ലാസെടുത്തു. മോൺ. അബ്രഹാം വയലിൽ, ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. സായി പാറൻകുളങ്ങര, ഫാ. ജോസ് പെണ്ണാപറമ്പിൽ, ജോയി കണ്ണഞ്ചിറ, ബ്രോണി നമ്പ്യാപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# പ്രേഷിത ദീപ്തിയിൽ മിഷൻ മാസാചരണം

റൂബി ജൂബിലി ആചരണത്തിന്റെ ഭാഗമായി മിഷൻ മാസമായ ഒക്ടോബറിൽ ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ പ്രേഷിത ചൈതന്യം തുളുമ്പുന്ന വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

ഒക്ടോബർ നാലിന് നടത്തിയ 'നാഴികക്കല്ല്' മെഗാ ഓൺലൈൻ സംഗമം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തതോടെ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. രൂപതയുടെ 40 വർഷത്തെ വളർച്ചയുടെ ചരിത്രം, പഞ്ചാബ് മിഷൻ, രൂപതയുടെ മിഷൻ പ്രവർത്തനങ്ങൾ എന്നിവ ഫാ. ബ്രിജിൻ പൂതർമണ്ണിൽ പങ്കുവച്ചു. ഓരോ ശാഖയിലെയും വൈസ് ഡയറക്ടർ, ജൂനിയർ എക്സിക്യൂട്ടീവ് അംഗങ്ങൾ ഉൾപ്പെടെ മുന്നൂറോളം പേർ പങ്കെടുത്തു.

### ചെയിൻ റോസറി പ്രോഗ്രാം

ഒക്ടോബർ അഞ്ചിന് ഓരോ ശാഖയിലെയും വികാരിയച്ചന്മാർ വെഞ്ചിരിച്ചു നൽകിയ ജപമാലകൾ ശാഖയിലെ എല്ലാ കുഞ്ഞുമിഷനറിമാർക്കും കൈമാറി രൂപതയ്ക്ക് വേണ്ടിയും മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടിയും മിഷൻ ഗ്രാമത്തിന് വേണ്ടിയും ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

### കൈത്താങ്ങ്

ഒരു നേരത്തെ ഭക്ഷണം വേണ്ടെന്നുവച്ച് ആ തുക മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ സംഭാവന ചെയ്യുകയും ആ തുക കാഴ്ച സമർപ്പണമായി കുർബാനമധ്യേ നൽകുകയും ചെയ്തു.

### റൂബി ജൂബിലി ക്വിസ്, പ്രസംഗം

അൽഫോൻസ കോളജിൽ നടത്തിയ റൂബി ജൂബിലി ക്വിസ് മത്സരത്തിൽ 172 ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. 'രൂപതയെ അറിയാൻ സ്നേഹിക്കാൻ' എന്ന വിഷയം ആസ്പദമാക്കി അൽഫോൻസ കോളജിൽ നടത്തിയ പ്രസംഗ മത്സരത്തിൽ 88 ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

### പ്രാർത്ഥനയോടെ ബഥാനിയായിൽ

ബഥാനിയായിൽ നടക്കുന്ന അഖണ്ഡ ജപമാലസമർപ്പണത്തിൽ വിവിധ ശാഖകളുടെ നേതൃത്വത്തിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്ത് രൂപതയ്ക്കു വേണ്ടിയും മിഷൻ പ്രദേശങ്ങൾക്കു വേണ്ടിയും പ്രാർത്ഥിച്ചു.

### സ്നേഹാദരവ്

റൂബിജൂബിലിയോടനുബന്ധിച്ച് വിവിധ മേഖലാ കേന്ദ്രങ്ങളിൽ മേഖലാ സമിതിയുടെ നേതൃത്വത്തിൽ ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പഴയകാല പ്രസിഡന്റുമാരെ ആദരിച്ചു.

### എയ്ഞ്ചൽസ് മീറ്റ്

2024-25 വർഷം ആദ്യകുർബാന സ്വീകരിച്ച ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി പുല്ലൂരാംപാറ ബഥാനിയായിൽ നടത്തിയ ഏയ്ഞ്ചൽസ് മീറ്റ് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. 1252 കുട്ടികളും 412 മുതിർന്ന ഭാരവാഹികളും പങ്കെടുത്തു. 'രൂപതയെ അറിയാൻ സ്നേഹിക്കാൻ' എന്ന പുസ്തകം ബിഷപ് പ്രകാശനം ചെയ്തു.

# അഖണ്ഡ ജപമാല സമാപിച്ചു



പുല്ലൂരാംപാറ ബഥാനിയായിൽ അഖണ്ഡ ജപമാല സമർപ്പണ സമാപനത്തോടനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിക്കുന്നു. സഹകാർമികരായ ഫാ. നിധിൻ കരിന്തോളിൽ, ഫാ. കുര്യാക്കോസ് മുഖാലയിൽ, ഫാ. കുര്യൻ പുരമഠം, ഫാ. ഷെനീഷ് താന്നിക്കൽ, ഫാ. സിബി പൂവ്വത്തിങ്കൽ എംഎസ്ടി, ഫാ. അമൽ പന്തപ്ലാക്കൽ എന്നിവർ സമീപം

**പുല്ലൂരാംപാറ** ● താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ 101 ദിവസങ്ങളായി തുടർന്ന അഖണ്ഡ ജപമാല സമർപ്പണം സമാപിച്ചു. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയും അഖണ്ഡ ജപമാല സമർപ്പണത്തിന്റെ രജത ജൂബിലിയും ഈ വർഷം തന്നെയാണെന്ന പ്രത്യേകതയും ഇത്തവണത്തെ അഖണ്ഡ ജപമാല സമർപ്പണത്തിനുണ്ടായിരുന്നു. സമാപനത്തോടനുബന്ധിച്ച് നടന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
ഫാ. കുര്യൻ പുരമഠം, ഫാ. ഷെനീഷ് താന്നിക്കൽ, ഫാ. കുര്യാക്കോസ് മുഖാലയിൽ, ഫാ. സിബി പൂവ്വത്തിങ്കൽ എംഎസ്ടി, ഫാ. നിധിൻ കരിന്തോളിൽ, ഫാ. അമൽ പന്തപ്ലാക്കൽ എന്നിവർ സഹകാർമികരായിരുന്നു.

ലോക സമാധാനം, കുടുംബ വിശുദ്ധീകരണം എന്നീ നിയോഗങ്ങളോടെയാണ് ഇത്തവണ അഖണ്ഡ ജപമാല സമർപ്പിച്ചത്. സമാപന ദിനത്തിൽ വിവിധ ഇടവകകളിൽ നിന്നായി നിരവധി പേർ പങ്കുചേർന്നു. സമാപന ശുശ്രൂഷകൾക്ക് ബഥാനിയ ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. ജോസ് പൂവന്നിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

## അഖില കേരള ഇന്റർ കോളജ് വടംവലി മത്സരം:
# അൽഫോൻസാ കോളജ് വിജയികൾ

**തിരുവമ്പാടി** ● അൽഫോൻസ കോളജിൽ ഓണാഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ അഖില കേരള ഇന്റർ കോളജ് വടംവലി മത്സരം 'കമ്പയുദ്ധം' സീസൺ ഒന്നിൽ ആതിഥേയരായ അൽഫോൻസ കോളജ് ഒന്നും (10,001 രൂപ) രണ്ടും (5,001 രൂപ) സ്ഥാനങ്ങൾ കരസ്ഥമാക്കി.

മുക്കം എംഎഎംഒ കോളജിനാണ് മൂന്നാം സ്ഥാനം (3,001 രൂപ). കോഴിക്കോട് ഗവണ്മെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളജ് നാലാം സ്ഥാനം നേടി. ബെസ്റ്റ് പ്ലെയർ ഓഫ് ദി ടൂർണമെന്റായി ഫായിസ് മുഹമ്മദ്, പ്രോമിസിങ് പ്ലെയർ ഓഫ് ദി സീസണായി ആൽബിൻ പോൾസൺ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

തിരുവമ്പാടി സ്റ്റേഷൻ ഹൗസ് ഓഫീസർ കെ. പ്രജീഷ് ഉദ്ഘാടനം ചെയ്തു. നാഷണൽ വോളിബോൾ പ്ലെയർ അൽഫോൻസ അനൂപും താമരശ്ശേരി രൂപത കോർപ്പറേറ്റ് മനേജർ ഫാ. ജോസഫ് പാലക്കാട്ടും ചേർന്ന് വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

പുതുപ്പാടി കണക്ട് ഇലക്ട്രിക്കൽസും, കക്കാടംപൊയിൽ ഫോഗി മൗണ്ടെനും സംയുക്തമായി സംഘടിപ്പിച്ച മത്സരം നിയന്ത്രിച്ചത് ഓൾ കേരള ഐആർഇ അസോസിയേഷനാണ്.



അഖിലകേരള ഇന്റർകോളജ് വടംവലിമത്സരം 'കമ്പയുദ്ധം' സീസൺ ഒന്നിൽ വിജയികളായ അൽഫോൻസ കോളജ് ടീം

## കൈക്കാരന്മാരുടെ സംഗമം

**താമരശ്ശേരി** ● രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച കൈക്കാരന്മാരുടെ സംഗമം രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. എകെസിസി ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ സമുദായത്തിന്റെ കെട്ടുറപ്പിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുത്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സംഗമത്തെ അഭിസംബോധന ചെയ്തു.

ജൂബിലി സമ്മാനങ്ങൾ ബിഷപ് വിതരണം ചെയ്തു. രൂപത ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട്, ടോമി പ്ലാത്തോട്ടത്തിൽ, സിൽവി എന്നിവർ പ്രസംഗിച്ചു.

## ജീവധാര രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

**കട്ടിപ്പാറ** ● ചെറുപുഷ്പ മിഷൻ ലീഗും, പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന കട്ടിപ്പാറ ഇടവകയും, എം.വി.ആർ ക്യാൻസർ സെന്ററും സംയുക്തമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പ് കട്ടിപ്പാറ യുപി സ്കൂളിൽ നടന്നു. രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. കട്ടിപ്പാറ ഹോളി ഫാമിലി പള്ളി വികാരി ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി അധ്യക്ഷത വഹിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ, ഡോ. നിതിൻ ഹെൻട്രി, പഞ്ചായത്ത് പ്രസിഡന്റ് പ്രേംജി ജെയിംസ്, നിതീഷ് കല്ലുള്ളതോട്, ഷാഹിം ഹാജി, ജിനോ തറപ്പുതൊട്ടിയിൽ, ഷാൻ കട്ടിപ്പാറ, സലിം പുല്ലടി, ജോഷി മണിമല, രാജു തുരുത്തിപ്പിള്ളിൽ, ബാബു ചെട്ടിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## നൂറാംതോട് ജേതാക്കൾ

**തിരുവമ്പാടി** ● റൂബി ജൂബിലിയോടനുബന്ധിച്ചു സീറോ മലബാർ മാതൃവേദി രൂപതാ സമിതി നടത്തിയ വടംവലി മത്സരത്തിൽ നൂറാംതോട് ഇടവക ഒന്നാം സ്ഥാനം നേടി. കോടഞ്ചേരി, വെറ്റിലപ്പാറ ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ദേവഗിരി ഇടവകയ്ക്കാണ് നാലാം സ്ഥാനം. ഫാ. ജിതിൻ നരിവേലിൽ മത്സരങ്ങൾ നിയന്ത്രിച്ചു.

## ഗോൾഡൻ സ്റ്റാർ പുരസ്ക്കാരം പ്രഖ്യാപിച്ചു

**താമരശ്ശേരി** ● ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപത 2024–2025 പ്രവർത്തന വർഷത്തെ മികച്ച ശാഖകളെയും മേഖലകളെയും പ്രഖ്യാപിച്ചു. കട്ടിപ്പാറ ശാഖ ഗോൾഡൻ സ്റ്റാർ നേടി. ചക്കിട്ടപാറ ശാഖ സിൽവർ സ്റ്റാറും തിരുവമ്പാടി ശാഖ മിഷൻ സ്റ്റാറും കരസ്ഥമാക്കി. എ ഗ്രേഡ് നേടിയ ശാഖകൾ: പുല്ലൂരാംപാറ, കുപ്പായക്കോട്, ദേവഗിരി, കല്ലാനോട്, ഈങ്ങാപ്പുഴ, മാലാപറമ്പ്, മരഞ്ചാട്ടി, കോടഞ്ചേരി. പെരിന്തൽമണ്ണ മേഖലയ്ക്കാണ് ഗോൾഡൻ സ്റ്റാർ. തിരുവമ്പാടി മേഖല സിൽവർ സ്റ്റാർ നേട്ടം കരസ്ഥമാക്കി.

## ഓർമ്മയിൽ 14 വർഷം
(13-12-2025)



**ചെറിയാൻ പാലക്കിയിൽ**
അങ്ങാടിപ്പുറം, പെരിന്തൽമണ്ണ
ജനനം: 12-12-1952 | മരണം: 13-12-2011
ദുഃഖാർദ്രരായ കുടുംബാംഗങ്ങൾ

## സ്നേഹസ്മരണയ്ക്ക്
## ഒന്നാം ചരമ വാർഷികം
(19/12/2025)



**ജോസഫ് കെ.എം**
കല്ലംപ്ലാക്കൽ, കണ്ണോത്ത്
ഞാൻ നിങ്ങളിൽനിന്ന് അകന്നുപോയാലും എന്റെ സ്നേഹം എന്നും നിങ്ങളോട് കൂടെ നിലനിൽക്കും
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

## 25–ാം ചരമവാർഷികം
(09/11/2025)



**ജോസഫ് (കുഞ്ഞേപ്പ്)**
ചെറുപിള്ളേട്ട്, കുളത്തുവയൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# ലോഗോസ്: രൂപതാ വിജയികൾ

**കോഴിക്കോട് ●** കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന്റെ ആദ്യഘട്ട മത്സരഫലം പ്രഖ്യാപിച്ചു. രൂപതാതലത്തിൽ വിജയിച്ച് സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടിയ ഓരോ കാറ്റഗറിയിലേയും ആദ്യ മൂന്നു റാങ്കുകാർ യഥാക്രമം (ബ്രായ്ക്കറ്റിൽ നൽകിയിരിക്കുന്നത് ഇടവക):

- **എ കാറ്റഗറി:** ജിയോ മഠത്തിൽ (വെറ്റിലപ്പാറ), ജെറോൺ ടോം പൊന്നാമറ്റം (കൂടത്തായി), ബേസിൽ ആന്റണി തോണക്കര (ചെമ്പനോട)
- **ബി കാറ്റഗറി:** സാൽവിയ സനീഷ് തോണക്കര (കൂടരഞ്ഞി) ആൽഫിയ സിബു പുത്തൻപുരയിൽ (ചുണ്ടത്തുംപൊയിൽ), ഗ്രേസ് ടെസ പൂത്തറ (കട്ടാങ്ങൽ).
- **സി കാറ്റഗറി:** സിസ്റ്റർ ജോസ്ന മരിയ എഫ്സിസി (പാറോപ്പടി), റിയോണ മരിയ ജയ്സൺ (കോടഞ്ചേരി), ആൻസി വർഗീസ് ഉപ്പുകണ്ടം (പയ്യനാട്).
- **ഡി കാറ്റഗറി:** ജിസി അഗ മരോട്ടിക്കുഴി (കൂരാച്ചുണ്ട്), ഷിംല വെട്ടുകല്ലേൽ (കുണ്ടുതോട്), സിസ്റ്റർ ദിവ്യ ദേവസ്യ എഫ്സിസി (പാറോപ്പടി).
- **ഇ കാറ്റഗറി:** സിസ്റ്റർ ജാൻസി മരിയ എഫ്സിസി (ചക്കിട്ടപ്പാറ), മിനി മാത്യു പുതുപ്പള്ളി (വിലങ്ങാട്), ലിസി മാത്യു കൊച്ചുവീട്ടിൽ (അടയ്ക്കാക്കുണ്ട്).
- **എഫ് കാറ്റഗറി:** മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്), റോസമ്മ ജോസ് മാടപ്പാട്ട് (പാറോപ്പടി), സാലി ജോർജ് കപ്പലുമാക്കൽ (പന്തല്ലൂർ).

സംസ്ഥാനതല മത്സരം നവംബർ ഒമ്പതിനും മെഗാഫൈനൽ മത്സരം 22-23 തീയതികളിലും നടക്കും.


ജിയോ മഠത്തിൽ (വെറ്റിലപ്പാറ)


സാൽവിയ സനീഷ് തോണക്കര (കൂടരഞ്ഞി)


സിസ്റ്റർ ജോസ്ന മരിയ എഫ്സിസി (പാറോപ്പടി)



ജിസി അഗ മരോട്ടിക്കുഴി (കൂരാച്ചുണ്ട്)


സിസ്റ്റർ ജാൻസി മരിയ എഫ്സിസി (ചക്കിട്ടപ്പാറ)


മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്)

# അനുസ്മരണം

## കൂമ്പാറ ബേബി



നിരവധി ക്രിസ്തീയ ഭക്തിഗാനങ്ങളുടെ രചയിതാവും സാഹിത്യകാരനുമായ കൂമ്പാറ ബേബിക്ക് നാടിന്റെ അന്ത്യാഞ്ജലി. 30 വർഷം കൂമ്പാറ പോസ്റ്റ് ഓഫീസിൽ പോസ്റ്റ് മാസ്റ്ററായി ജോലി ചെയ്തു. താമരശ്ശേരി രൂപതയിലെ പുഷ്പഗിരി ഇടവകാംഗമായിരുന്ന ബേബി പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിനായി നിരവധി ഭക്തിഗാനങ്ങൾ എഴുതിയിട്ടുണ്ട്.

താമരശ്ശേരി രൂപതയുടെ നാടക സമിതിയായ അക്ഷര കമ്മ്യൂണിക്കേഷന്റെ സ്ഥാപകാംഗങ്ങളിലൊരാളായ ബേബിയാണ് സമിതിക്ക് 'അക്ഷര' എന്ന പേര് നിർദ്ദേശിച്ചത്. അക്ഷര കമ്യൂണിക്കേഷന്റെ 'അകത്തളം' എന്ന നാടകത്തിന്റെ രചനയും അതിലെ ഗാനരചനയും നിർവഹിച്ചത് കൂമ്പാറ ബേബിയാണ്. വന്യമൃഗ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ താമരശ്ശേരി രൂപത കമ്യൂണിക്കേഷൻ മീഡിയ പുറത്തിറക്കിയ 'മോഴ' എന്ന ഷോർട്ട് ഫിലിമിന്റെ തിരക്കഥ അദ്ദേഹത്തിന്റെതാണ്. കോഴിക്കോട് ആകാശവാണിക്കു വേണ്ടിയും നിരവധി പ്രോഗ്രാമുകൾ ചെയ്തിട്ടുണ്ട്.

ഭാര്യ: ലീലാമ്മ മഞ്ഞപ്പള്ളിൽ കുടുംബാംഗം. മക്കൾ: ഫാ. ലിബിൻ (അസി. വികാരി അരുവിത്തുറ സെന്റ് ജോർജ് പള്ളി) ലിബിന (കോട്ടക്കൽ). മരുമകൻ: ഷിജു കുഴികണ്ടത്തിൽ.

## തോമസ് വെട്ടത്ത്



വിളവൈവിധ്യത്തിന്റെയും ശാസ്ത്രീയ രീതികളുടെയും പിൻബലത്തിൽ ജൈവകൃഷിയിലൂടെ വിസ്മയം തീർത്ത വെറ്റിലപ്പാറ ഇടവകാംഗം ടി. വി. തോമസ് വെട്ടത്തിന് നാട് വിടയേകി. ദീർഘകാലം താമരശ്ശേരി രൂപതയുടെ പാസ്റ്ററൽ കൗൺസിൽ അംഗമായിരുന്നു. രൂപത സംഘടിപ്പിക്കുന്ന പ്രീ-കാനാ കോഴ്സിലെ ഫാമിലി ചാറ്റ് സെഷനിൽ നിരവധി തവണ പങ്കെടുത്ത് സംവദിച്ചിട്ടുണ്ട്. കാർഷിക സർവകലാശാല മുൻ ജനറൽ കൗൺസിലറായിരുന്നു. 60 വർഷം മുൻപു മരങ്ങാട്ടുപിള്ളിയിൽനിന്ന് അരീക്കോട് വെറ്റിലപ്പാറയിലെത്തിയ കുടിയേറ്റ കർഷകനാണ്. 2002-ൽ മലയാള മനോരമ കർഷകശ്രീ പുരസ്ക്കാരം നേടിയിരുന്നു.

കൃഷിയിൽ മാത്രമല്ല, വെറ്റിലപ്പാറ പ്രദേശത്തിന്റെ വികസനത്തിലും പ്രധാന പങ്കാളിയായിരുന്നു ടി. വി. തോമസ്. നാട്ടിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി മുന്നിട്ടിറങ്ങിയ പൊതുപ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം.

ഭാര്യ: ഏലിക്കുട്ടി തോട്ടുമുക്കം (മാമ്പുഴ കുടുംബാംഗം). മക്കൾ: ജയ് തോമസ്, ജോമണി തോമസ്, ബൈജു തോമസ്, ജൂലി തോമസ്. മരുമക്കൾ: ലാലി നെടുംപറമ്പിൽ (ചോക്കാട്), സിജി മുള്ളൻകുഴിയിൽ (ചുണ്ടേൽ), ജീന കരിനാട്ട് (നെല്ലിപ്പൊയിൽ), തോമസ് മുണ്ടുവയലിൽ (ചുങ്കത്തറ).



# ക്വിസ് കോർണർ 2025

## 2025 നവംബർ-ഡിസംബർ ചോദ്യങ്ങൾ

*2025 സെപ്റ്റംബർ - ഒക്ടോബർ ലക്കം വിജയികളായവർ:*


● ഒന്നാം സമ്മാനം, 1000 രൂപ
**അയന റോസ് ഷാജു**
കരിപ്പുകാട്ടിൽ, വള്ളിയാട്


● രണ്ടാം സമ്മാനം, 500 രൂപ
**ഷേർളി വർഗ്ഗീസ്**
കുഴിക്കാട്ടിൽ, കണ്ണോത്ത്


● മൂന്നാം സമ്മാനം, 250 രൂപ
**ഷീന ജോഷി**
കടപ്രായിൽ, തിരുവമ്പാടി

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. കത്തോലിക്കാ കോൺഗ്രസിന്റെ താമരശ്ശേരി രൂപതാ പ്രസിഡന്റ് ആര്?
2. താമരശ്ശേരി രൂപതയുടെ നാടക സമിതിയുടെ പേര് എന്താണ്?
3. റൂബി ജൂബിലിയുടെ ഭാഗമായി ഏതു മാസമാണ് മിഷൻ മാസമായി ആചരിച്ചത്?
4. താമരശ്ശേരി കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി സംഘടിപ്പിച്ച ഇന്റർ സ്കൂൾ മെഗാക്വിസിന്റെ പേര് എന്താണ്?
5. കയ്റോസ് എന്ന വാക്കിന്റെ അർത്ഥം എന്താണ്?
6. മാർ ജേക്കബ് തൂങ്കുഴി താമരശ്ശേരി രൂപതയുടെ ദ്വിതീയ മെത്രാനായി സ്ഥാനമേറ്റത് എന്ന്?
7. ഒക്ടോബർ 10 ഏത് ദിനമായിട്ടാണ് ആചരിക്കുന്നത്?
8. ജൂനിയർ റിസേർച്ച് ഫെലോഷിപ്പോടെ അംഗീകൃത റിസേർച്ച് സെന്ററുകളിൽ ഗവേഷണം നടത്തുന്നതിനുള്ള യോഗ്യതാ പരീക്ഷ ഏത്?
9. സകല വിശുദ്ധരുടെയും തിരുനാൾ ദിനം എന്ന്?
10. മാർ ജേക്കബ് തൂങ്കുഴി സ്ഥാപിച്ച സന്യാസ സമൂഹം ഏത്?

**ഉത്തരങ്ങൾ 2025 ഡിസംബർ 14-ന് മുമ്പ് ലഭിക്കണം**

## 2025 സെപ്റ്റംബർ - ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1.രാഷ്ട്രീയത്തിലെ പങ്കാളിത്തം 2. അധികാരം 3. യാക്കോബ് ശ്ലീഹാ 4. ഗ്രാമസഭകൾ 5. ക്ലാറ്റ് 6. ക്രിസ്തുരഹസ്യം 7. ഞങ്ങൾക്കും ഇവിടെ ജീവിക്കണം 8. 1700 9. മതാന്തര സഹകരണം 10. പോൾ ആറാമൻ മാർപാപ്പ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................................
വീട്ടുപേര്: ..............................................
ഇടവക: ..............................................
ഫോൺ: ..............................................

# ആവേശമായി കത്തോലിക്കാ കോൺഗ്രസ് അവകാശസംരക്ഷണ യാത്ര

**നീതി ഔദാര്യമല്ല അവകാശമാണെന്നു പ്രഖ്യാപിച്ച് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ അവകാശ സംരക്ഷണ യാത്രയ്ക്ക് താമശ്ശേരി രൂപതയിൽ ഉജ്ജ്വല സ്വീകരണം**

**തിരുവമ്പാടി** ● കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ അവകാശസംരക്ഷണ യാത്രയ്ക്ക് താമരശേരി രൂപതയിൽ ആവേശകരമായ സ്വീകരണം. പര്യടനത്തിന്റെ സമാപന പൊതുസമ്മേളനം തിരുവമ്പാടിയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ അവകാശ പോരാട്ടം നടത്തിയ സമര പാരമ്പര്യം കത്തോലിക്ക കോൺഗ്രസിനുണ്ട്. അതുകൊണ്ടാണ് വിമോചന സമരത്തിന്റെ ഓർമകൾ ചില സന്ദർഭത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിക്കു തികട്ടിവരുന്നത്.

വന്യമൃഗങ്ങളെ മാത്രമല്ല ഉപദ്രവിക്കാൻ വരുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും നേരിടേണ്ടിവരുന്ന അവസ്ഥയാണ് കർഷകർക്കുള്ളത്. വന്യമൃഗങ്ങൾ കൃഷി ഭൂമിയിൽ വന്നാൽ കൈകാര്യം ചെയ്യാൻ കർഷകർ തീരുമാനിച്ചുകഴിഞ്ഞെന്നും ബിഷപ് പറഞ്ഞു.

സംസ്ഥാന സർക്കാർ പാസാക്കിയ വന്യജീവി സംരക്ഷണ ഭേദഗതി ബിൽ ആത്മാർഥത ഉള്ളതാണോയെന്നു സംശയമുണ്ടെന്നും തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ കർഷകരെ പറ്റിക്കാനുള്ള നീക്കമാണെങ്കിൽ ജനങ്ങൾ അതിശക്തമായി പ്രതികരിക്കുമെന്നും ബിഷപ് കൂട്ടിച്ചേർത്തു.

കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. ജാഥാ ക്യാപ്റ്റൻ പ്രഫ. രാജീവ് കൊച്ചുപറമ്പിൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, രൂപത ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ.ജോസുകുട്ടി ജെ. ഒഴുകയിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ട്രീസ സെബാസ്റ്റ്യൻ, അഡ്വ. ടോണി പുഞ്ചക്കുന്നേൽ, മേഖല ഡയറക്ടർ ഫാ. തോമസ് നാഗപറമ്പിൽ, രൂപത സെക്രട്ടറി ഷാജി കണ്ടത്തിൽ, ബെന്നി ലൂക്കോസ്, ജോസഫ് പുലക്കുടി, പ്രിൻസ് തിനംപറമ്പിൽ, സജീവ് പുരയിടം, ടോമി ചക്കിട്ടമുറിയിൽ എന്നിവർ പ്രസംഗിച്ചു. രാജൻ ചെമ്പകം, തോമസ് പുത്തൻപുരയ്ക്കൽ, സണ്ണി പുതുപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. വിവിധ സ്ഥലങ്ങളിൽ ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, ബെന്നി ആന്റണി, ജോർജ് കോയിക്കൽ, ജയ്മോൻ തോട്ടപുറം, ജോണി വടക്കേക്കര എന്നിവർ പ്രസംഗിച്ചു.



● അവകാശ സംരക്ഷണ യാത്രയ്ക്ക് കൂരാച്ചുണ്ടിൽ നൽകിയ സ്വീകരണം എകെസിസി കൂരാച്ചുണ്ട് ഫൊറോന ഡയറക്ടർ ഫാ. വിൻസെന്റ് കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. എന്തുകൊണ്ടാണ് ക്രൈസ്തവർക്ക് സമരങ്ങൾക്ക് ഇറങ്ങേണ്ട അവസ്ഥയുണ്ടായതെന്ന് ഫാ. വിൻസെൻറ് കണ്ടത്തിൽ വിശദീകരിച്ചു.

● അവകാശ സംരക്ഷണയാത്രയ്ക്ക് എകെസിസി തോട്ടുമുക്കം ഫൊറോന സ്വീകരണം നൽകി. തോട്ടുമുക്കം മേഖലാ ഡയറക്ടർ ഫാ. ബെന്നി കാരക്കാട്ട് ഉദ്ഘാടനം ചെയ്തു.

● താമരശേരിയിൽ നൽകിയ സ്വീകരണം രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. ഫാ.ഫിലിപ്പ് കവിയിൽ മുഖ്യ പ്രഭാഷണം നടത്തി.

● മരുതോങ്കര മുള്ളൻകുന്ന് അങ്ങാടിയിൽ നൽകിയ സ്വീകരണം ഫൊറോന ഡയറക്ടർ ഫാ. ആന്റോ ജോൺ മൂലയിൽ ഉദ്ഘാടനം ചെയ്തു. ജാഥാ ക്യാപ്റ്റനായ പ്രഫ. രാജീവ് കൊച്ചുപറമ്പിലിന് വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഹാരാർപ്പണം നടത്തി.

● കോടഞ്ചേരി അങ്ങാടിയിൽ നൽകിയ സ്വീകരണം കോടഞ്ചേരി ഫൊറോന പള്ളി അസി. വികാരി ഫാ. ജിയോ കടുകൻമാക്കൽ ഉദ്ഘാടനം ചെയ്തു.

● പെരിന്തൽമണ്ണയിൽ നൽകിയ സ്വീകരണത്തിന് ഫൊറോന വികാരി ഫാ. ജിൽസ് കാരികുന്നേൽ, ബോബൻ കൊക്കപ്പുഴ എന്നിവർ നേതൃത്വം നൽകി.







**ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപതാ കലോത്സവം പ്രേഷിതം 2K25**

# കൂരാച്ചുണ്ട് മേഖല ചാമ്പ്യന്മാർ

**തിരുവമ്പാടി** ● ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപതാ കലോത്സവം പ്രേഷിതം 2K25ൽ കൂരാച്ചുണ്ട് മേഖല ഓവറോൾ ചാമ്പ്യന്മാരായി. തിരുവമ്പാടി മേഖല രണ്ടും കോടഞ്ചേരി മേഖല മൂന്നും സ്ഥാനങ്ങൾ നേടി.

തിരുവമ്പാടി അൽഫോൻസ കോളജിൽ നടന്ന കലോത്സവം തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗ് രൂപതാ പ്രസിഡന്റ് ജിനോ തറപ്പുതൊട്ടിയിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ, അൽഫോൻസ കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ, ജൂനിയർ പ്രസിഡന്റ് ക്രിസ് ബി. ഫ്രാൻസിസ്, ജൂനിയർ വൈസ് പ്രസിഡന്റ് ആൻലിയ മെഴുകനാൽ എന്നിവർ പ്രസംഗിച്ചു.

വേനപ്പാറ വികാരി ഫാ. സ്കറിയ മങ്ങരയിൽ, കൂടരഞ്ഞി വികാരി ഫാ. വിനോയ് പുരയിടത്തിൽ എന്നിവർ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

കലോത്സവത്തിൽ കൂരാച്ചുണ്ട് ശാഖയാണ് ഏറ്റവും കൂടുതൽ പോയിന്റ് നേടിയത്. തിരുവമ്പാടി, ചക്കിട്ടപാറ ശാഖകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.



ചെറുപുഷ്പ മിഷൻലീഗ് രൂപതാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കൂരാച്ചുണ്ട് മേഖല ടീം ട്രോഫി ഏറ്റുവാങ്ങുന്നു

## തിരുബാല സഖ്യം രൂപതാ കലോത്സവം: തിരുവമ്പാടി ഫൊറോന ചാമ്പ്യന്മാർ

തിരുബാല സഖ്യം രൂപതാ കലോത്സവത്തിൽ തിരുവമ്പാടി ഫൊറോന ഓവറോൾ ചാമ്പ്യന്മാരായി. പാറോപ്പടി ഫൊറോന രണ്ടും കോടഞ്ചേരി ഫൊറോന മൂന്നും സ്ഥാനങ്ങൾ നേടി. കൂടരഞ്ഞി ഇടവകയാണ് കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കിയത്. വിലങ്ങാട്, പാറോപ്പടി ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.


തിരുബാലസഖ്യം രൂപതാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ തിരുവമ്പാടി ഫൊറോന ടീം ട്രോഫി ഏറ്റുവാങ്ങുന്നു






നിങ്ങളുടെ മനസ്സിനിണങ്ങിയത്
ഞങ്ങളുടെ പക്കലുണ്ട്

Thomarakattil Tiles



Kajaria, Johnson തുടങ്ങിയ ബ്രാൻഡുകളുടെ എക്സ്ക്ലൂസിവ് സ്റ്റുഡിയോ. വിവിധ സൈസിൽ ഉള്ള സ്ലാബ് ടൈലുകൾ, സാനിറ്ററി വെയർ, ബാത് ഫിറ്റിംഗ്സ് തുടങ്ങിയവയുടെ വിശാലമായ കളക്ഷൻസ്, 10,000 Sq.ft ഉള്ള നവീകരിച്ച ഷോറൂമിൽ നിങ്ങൾക്കായി ഒരുക്കി വെച്ചിരിക്കുന്നു.

MAJOR BRANDS: **KAJARIA, JOHNSON, SOMANY, MYK LATICRETE, WEBER, RAMCO, KEROVIT PARRYWARE**

Our sister concerns - Thomarakattil Hardwares | Thomarakattil furniture
Thomarakattil Electricals | Thomarakattil Sheets and pipes

Thomarakattil Tiles
Calicut Road, Thiruvambady, Kozhikode
Pincode: 673 603, Ph: 9562 252 190, 04952 252 190

**വേദനകൾക്കും അസൗകര്യങ്ങൾക്കും വിട**

ചാവറയിൽ ഇനി ആധുനിക ലേസർ ചികിത്സ ലഭ്യമാണ്

● വേദനയില്ലാത്ത ചികിത്സ ● വേഗത്തിൽ സുഖം ● ഡേ-കെയർ ട്രീറ്റ്മെന്റ്

**Our Departments**

● General medicine ● Obstetrics & Gynaecology ● Emergency Medicine ● Paediatric ● Orthopedic ● Dermatology ● Cardiology ● ENT ● Physiotherapy ● Radiology ● X ray ● Pharmacy ● Laboratory ● Ambulance ● Canteen

**ഞങ്ങളുടെ പ്രത്യേക ചികിത്സകൾ**

ഫിഷർ (Fissure), ഫിസ്റ്റുല (Fistula), ഹീമറോയ്ഡ്സ് / പൈൽസ് (Haemorrhoids/Piles), ഹെർണിയ (Hernia)




ജനറൽ ആന്റ് ലാപ്രോസ്കോപ്പിക് സർജ്ജൻ ചാർജെടുത്തിരിക്കുന്നു

ഡോ. പ്രവീൺ എം.വി
MBBS, MS, FMAS, FIAGES, MMIP

പരിശോധന സമയം
ചൊവ്വ: വൈകുന്നേരം 5.30 മുതൽ 7.00 വരെ
വെള്ളി: വൈകുന്നേരം 4.30 മുതൽ 6.00 വരെ



**Chavara Hospital Thamarassery**
**For Booking: 0495 222 30 60, 8301 97 49 90**

# AUSTRIA IS WAITING FOR YOU

## OPPORTUNITIES FOR NURSING:

- NURSING STUDIES
- JOB PLACEMENTS



# ECLA
EAST COAST LANGUAGE ACADEMY

NOW OFFERING COURSES AT:

ST. JOSEPH MEDICAL AND CHARITABLE TRUST, PANACHAMOOD

- ഓസ്ട്രിയയിൽ (യൂറോപ്പിന്റെ ഹൃദയം) നഴ്സുമാർക്ക് നിരവധി അവസരങ്ങൾ ഒരുക്കി കോഴിക്കോട്ടെ ഈസ്റ്റ് കോസ്റ്റ് ലാംഗ്വേജ് അക്കാദമി (ECLA).
- നഴ്സിങ്, ഡിഗ്രി പ്രോഗ്രാമുകളും നഴ്സുമാർക്ക് (Bsc, GNM) തൊഴിൽ പരിചയം കൂടാതെ ഓസ്ട്രിയയിൽ തൊഴിലവസരങ്ങളും ECLA വാഗ്ദാനം നൽകുന്നു.
- ഓസ്ട്രിയയിൽ പ്ലേസ്മെന്റോടെയും സമ്പൂർണ്ണ സ്റ്റൈപെന്റോടെയും നഴ്സിങ് ടാലന്റ് പ്രോഗ്രാം.
- ഓസ്ട്രിയയിൽ നിന്നുള്ള പ്രതിനിധികളുടെ അഭിമുഖങ്ങൾ ECLA–യിൽ നേരിട്ട് സംഘടിപ്പിക്കുന്നു.
- നഴ്സുമാർക്ക് വേണ്ടിയുള്ള A1 കോഴ്സ് നവംബർ 10 ന് കോഴിക്കോട് വച്ച് നടത്തപ്പെടും.
- B1 ജർമ്മൻ സർട്ടിഫിക്കറ്റോടു കൂടിയ നഴ്സുമാർക്ക് (Bsc,GNM) ഓസ്ട്രിയയിൽ നഴ്സിങ് തൊഴിലവസരങ്ങൾ നൽകുന്നു.
- ആഴ്ചതോറും തൊഴിലുടമകളുമായുള്ള വീഡിയോ അഭിമുഖങ്ങൾ.
- പ്രോസസ്സിങ് ഫീസ് ഇല്ലാതെ എല്ലാ സേവനങ്ങളും നൽകുന്നു.
- ജർമ്മൻ ഭാഷയിൽ A1 മുതൽ B2 വരെയുള്ള കോഴ്സുകൾ ECLA–ൽ പഠിക്കാം.
- അഡ്വാൻസ്ഡ് കോഴ്സുകൾക്ക് ജർമ്മൻ സ്വദേശികളുടെ സേവനം.

FULL STIPEND AND HOUSING!

NO PROCESSING FEES!



**ECLA - East Coast Language Academy Headquarters, Kozhikode**
2nd Floor, CYMA Building, Opp. Malabar Christian College
Kannur Road, Kozhikode-673.001

**East Coast Language Academy, Kanyakumari**
St. Joseph's Medical and Charitable Trust Panachamoodu,
Mancode P.O.
Kanyakumari District - 629152

+43 699 112 347 05
+91 892 155 139 8
+91 859 396 0678
mathews.kiz@gmail.com


Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil